മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നത്.

പുസ്തകം 4	1950 ജൂൺ - ഇടവം 1125	ലക്കം 8.

(തിരുമനസ്സിലേക്ക് ഈ ജൂൺ 16-ാംതീയതി 76 തിരുവയസ്സ് തികയുന്നു.)

സീനായ് മേഘഗംഭീരമുഴക്കം-തങ്കലെഴും താതാ! ഓഫീർതങ്കമനോഹരനെ!-ശാരോൻപനിമലർസുന്ദരനെ!
ഹെർമ്മോനിൻ പനിനീർമഞ്ഞേ!- കർമ്മേൽമല പോലുന്നതനേ! വാണാലും നീണാളതിമോദം!

27–ാംനു- പള്ളിപെരുനാൾ ദിവസം റവ: ഫാദർ. പി. സി. സ്റ്റീഫൻ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യാത്ര അയപ്പ് യോഗം കൂടുകയും, യോഗത്തിൽ ഇടവകാംഗങ്ങളിൽ പലരും അദ്ദേഹത്തിന്റെ സേവനത്തിന് കൃതജ്ഞത പ്രകടിപ്പിച്ചു കൊണ്ടു പ്രസംഗിക്കുകയും, ഇടവകക്കാരുടെ വകയായി ഒരു സ്വൎണ്ണമോതിരം അദ്ദേഹത്തിന് സമ്മാനിക്കുകയും ചെയ്തു.

മലങ്കര സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സ് കനകജൂബിലി സമ്മേളനം.

ഇരുപതിനായിരത്തിൽ പരം ജനങ്ങൾ സംബന്ധിച്ചു.

കാതോലിക്കാബാവാ, ഇംഗ്ലണ്ടിലെ ജോർജ്ജ് രാജാവ് കാൻർബറി ആർച്ചുബിഷപ്പ്, ഗ്രീസിലെ പീററർ രാജകുമാരൻ അബിസീനിയൻ സ്ഥാനപതി, ബോംബെ ഗവർണർ, ഇൻഡ്യാ ഗവമ്മെൻറു ആരോഗ്യവകുപ്പുമന്ത്രി, ഇൻഡ്യാ ഗവമ്മേൻറ് ധനകാൎയ്യമന്ത്രി മുതലായവരുടെ വിജയാശംസാസന്ദേശങ്ങൾ സമ്മേളനത്തിൽ വായിച്ചു.

(പ്രത്യേകലേഖകൻ.)

ചേപ്പാട് 1–10–125. മേടം 30–ം 31–ം തീയതികളിൽ ചേപ്പാട്ടു മാർ ദീവന്നാസ്യോസ് നഗറിൽവച്ചു നടന്ന സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സ് കനകജൂബിലി സമ്മേളനങ്ങൾ എത്രയും വമ്പിച്ച വിജയത്തോടുകൂടി പര്യവസാനിച്ചിരിക്കുന്നു. പതാക ഉയൎത്തൽ കൎമ്മം നിൎവ്വഹിച്ചതു് റിട്ട. കളക്ററർ മി. എം. സി. അലക്സാണ്ടർ B. A; L. L. B. യാണ്. ആദ്യദിവസത്തെ സമ്മേളനത്തിൽ കോൺഗ്രസ്സ് പ്രസിഡൻറ് മി. പി. ജേക്കബുകുൎയ്യൻ സ്വാഗതപ്രസംഗം ചെയ്യുകയും റിട്ട. ഹൈക്കോട്ടു ജഡ്ജി കെ. കെ. ചാക്കോ അവർകൾ ബാർഅററ്ലാ അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. കേരളകത്തോലിക്കാ കോൺഗ്രസ്സ് പ്രെസിഡൻറ് മി. ഇ. പി. വറുഗീസ് M. A; B. L, അഡ്വൊക്കേററ് മി. കെ. ററി. തോമസ് B. A; B. L, ഭാരതി പത്രാധിപർ മി. സത്യനേശൻ എന്നിവർ പ്രസംഗിച്ചു.

രണ്ടാമത്തെ ദിവസത്തെ സമ്മേളനത്തിൽ റിട്ടു ഹൈക്കോർട്ടു ജഡ്ജി മി. കെ. സി. ഏബ്രഹാം ബി. എ; ബി. എൽ. ആദ്ധ്യക്ഷം വഹിക്കുകയുണ്ടായി. ഹരിപ്പാട്ട്, കാൎത്തികപ്പള്ളി, പള്ളിപ്പാടു, കരിച്ചാൽ മുതലായ ഇടവകകളിൽനിന്നും ബാൻഡുമേളങ്ങളോടുകൂടി ഒരു വമ്പിച്ച ജനക്കൂട്ടം ജാഥയായി വരികയും ചേപ്പാട്ടുവൊളൻറിയർ സംഘം അവരെ യഥോചിതം സ്വീകരിച്ചു് സമ്മേളന പന്തലിലേക്ക് ആനയിക്കുകയും ചെയ്തു. ഞായറാഴ്ച തിരുവനന്തപുരം പള്ളിവികാരി റവ. ഫാദർ എം. മാത്യുസ് അവർകളാണ് വി. കുർബാന അൎപ്പിച്ചതു്. വലിയ ജനക്കൂട്ടം ഉണ്ടായിരുന്നതുകൊണ്ടു് കുർബാനയ്ക്കു് ഉച്ചഭാഷിണി ഉപയോഗിക്കുകയുണ്ടായി. യോഗം നടന്നപ്പോൾ പന്തലിലും പരിസരങ്ങളിലും ഉച്ചഭാഷിണി ഘടിപ്പിച്ചിരുന്നു. ഇരുപതിനായിരം ജനങ്ങളിൽ കൂടുതൽ ഓരോ യോഗങ്ങളിലും സംബന്ധിച്ചു. ഞായറാഴ്ച രണ്ടു മണിക്ക് അദ്ധ്യക്ഷസ്വീകരണം കഴിഞ്ഞു് റവ. ഫാദർ ഐ. ഡാനിയൽ, ഡി. ഡി എഫ്. പി. എച്ച്. എസ്. സ്വാഗതപ്രസംഗം ചെയ്തു. സ്വാഗതപ്രസംഗവും അദ്ധ്യക്ഷ പ്രസംഗവും കഴിഞ്ഞു് ക്നാനായ യുവജനസമാജം പ്രെസിഡൻറു മി. കുൎയ്യൻജോസഫ് M. A. L. L. B, പ്രൊഫ. പി. ജി. മാത്യു M. A; B. L, കുൎയ്യൻ തയ്യുടവിൽ അവർകൾ B. A. B. L. എന്നിവർ ഉജ്ജ്വലത്തായ പ്രസംഗങ്ങൾ ചെയ്കയുണ്ടായി.

യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾഅനുസരിച്ച് സഹിഷ്ണുതയോടും സ്നേഹത്തോടുംകൂടി മററുള്ളവരുമായി നാം സഹകരിച്ച് മററുള്ളവരോടൊപ്പം നമ്മുടെ പൌരാവകാശങ്ങളെ നാമും സംരക്ഷിക്കണമെന്നും സൎവ്വസമുദായമൈത്രി പാലിക്കണമെന്നും ആയിരുന്ന യോഗത്തിലെ പ്രധാന ചർച്ചാവിഷയങ്ങൾ. മംഗളകരമായി യോഗങ്ങൾ പര്യവസാനിപ്പിച്ചതിനു പരമകാരുണികനെ സ്തുതിച്ചും യോഗഭാരവാഹികളോടുള്ള കൃതജ്ഞത പ്രകടിപ്പിച്ചും യോഗങ്ങൾ സമാപിപ്പിക്കുകയുണ്ടായി.

സണ്ടേസ്ക്കൂൾ വാൎഷികസമ്മേളനങ്ങൾ സംബന്ധിച്ചും മററും ഒട്ടധികം വാൎത്തകൾ ഇവിടെ കിട്ടിയിട്ടുണ്ട്. സ്ഥലദൗർല്ലഭ്യം നിമിത്തം അവ അടുത്ത ലക്കത്തിലേക്ക് മാററി വച്ചിരിക്കുന്നു.

മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നതു്.

പുസ്തകം 4	1950 ജൂൺ - ഇടവം 1125	ലക്കം 8.

പത്രാധിപക്കുറിപ്പുകൾ

ജൂൺ 16.

1874 ജൂൺ 16-ാംനു- സംജാതനായ വിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സിലേക്ക് അടുത്ത ജൂൺ 16-ാംനു- 76 വയസ്സുപൂർത്തിയാകുന്നു. പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ്, മലങ്കര ഭാസുരനായ മാർ ഗീവറുഗീസു ദീവന്നാസ്യോസ് എന്നീ ശ്രേഷ്ഠപിതാക്കന്മാരുടെ ജന്മദിവസവും ജൂൺ 16 തന്നെ ആയിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ.

തിരുമനസ്സുകൊണ്ട് 1892-ൽ കടവിൽ മാർ അത്താനാസ്യോസിൽനിന്നു ശെമ്മാശ്ശുപട്ടം സ്വീകരിച്ചു: പരുമല മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരിൽ ഗീവറുഗീസു മല്പാനച്ചൻ എന്നിവരുടെ സ്തുതിചൊവ്വാക്കപ്പെട്ട ഉത്തമപാദത്തിങ്കൽ വൈദികാഭ്യസനം നടത്തി: വേദശാസ്ത്രത്തിലും നമ്മുടെ വൈദികഭാഷയായ സുറിയാനിയിലും വ്യുല്പത്തി സമ്പാദിച്ചു. ഗുരുത്വം, സത്യവിശ്വാസാചാരനിഷ്ഠ, ദൈവഭക്തി മുതലായവയിൽ വളൎന്നു: ഗുരുവായ കൊച്ചുതിരുമേനിയിൽനിന്നു 1898 വൃശ്ചികം 12-ാംനു- കശീശാപ്പട്ടവും 15-ാംനു- റമ്പാത്വവും പ്രാപിച്ചു: ആ പരിശുദ്ധ തിരുമേനിയുടെ കബറിങ്കൽ പതിനാലു വൎഷത്തോളം യോഗ്യമാംവണ്ണം ശുശ്രൂഷിച്ചു: അതേസമയംതന്നെ വിശുദ്ധഗ്രന്ഥപാരായണത്തിലും രചനയിലും റമ്പാത്വനിഷ്ഠാപാലനത്തിലും ഉത്സുകനായി സൎവ്വജനസമ്മതി സമ്പാദിച്ചു. 1912-ൽ അബ്ദുൽമിശിഹാ പാത്രിയൎക്കീസിൽനിന്നു മെത്രാപ്പോലീത്താ സ്ഥാനാഭിഷേകം പ്രാപിച്ചു. 1929-ൽ പൌരസ്ത്യകാതോലിക്കായായി—സഭാചരിത്രപ്രകാരവും സഭാകാനോനനുസരിച്ചും ഉള്ള സകല അധികാരങ്ങളോടും കൂടിയ കാതോലിക്കാപ്പാത്രിയൎക്കീസായി— അവരോധിക്കപ്പെട്ടു: 1934-ൽ മലങ്കര മെത്രാപ്പോലീത്താസ്ഥാനത്ത ചുമതലകളും തിരുമേനിയിൽ നിക്ഷിപ്തമായി. അങ്ങനെ പൌരസ്ത്യ കാതോലിക്കാബാവായും ആ ബാവായിൽതന്നെ ഇണങ്ങിയ മലങ്കരമെത്രാപ്പോലീത്തായുമായി മാർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുന്ന തിരുമനസ്സിലേക്കു തിരുമനസ്സിലെ ജന്മദിനത്തിന്റെ ഈ 76-ാം വാൎഷികത്തിൽ ഞങ്ങൾ ഭക്ത്യാദരവുരസ്സരം മംഗളാശംസകൾ സമൎപ്പിക്കുകയും, തിരുമനസ്സിലെ മാതൃകാപരമായ ജീവിതത്തിനും മഹൽ സേവനങ്ങൾക്കുമായി ദൈവത്തെ മഹത്വപ്പെടുത്തുകയും, ശാന്തപരവും ക്ഷേമകരവുമായ ദീൎഘായുസ്സിനുവേണ്ടി സൎവ്വശക്തനെ പ്രാൎത്ഥിക്കുകയും ചെയ്യുന്നു. കാതോലിക്കാസിംഹാസനം സകല ദുൎഘടഘട്ടങ്ങളെയും അതിജീവിച്ചു വിജയിക്കട്ടെ! കാതോലിക്കാബാവാതിരുമേനി നീണാൾ വാഴട്ടെ! തിരുമനസ്സിലെ മദ്ധ്യസ്ഥതകളും ആശീൎവ്വാദങ്ങളും ഞങ്ങൾക്കു കോട്ടയുമായിരിക്കട്ടെ.

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സ്

പുരാതനവും പ്രസിദ്ധവുമായ ചേപ്പാട്ടുപള്ളിയുടെ അങ്കണത്തിൽ പുണ്യാത്മാവായ ചേപ്പാട്ടു മാർ ദീവാന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയെ അനുസ്മരിക്കുമാറ് സജ്ജീകരിച്ചിരുന്ന "മാർ ദീവന്നാസ്യോസ് നഗറി"ൽ വച്ച് കഴിഞ്ഞ മേടം 30-ം 31-ം തീയതികളിൽ സിറിയൻ

ക്രിസ്ത്യൻ കോൺഗ്രസ്സിൻെറ കനക ജൂബിലി സമ്മേളനം സാഘോഷം കൊണ്ടാടപ്പെട്ടു. വിജയപൂർവ്വം നടത്തപ്പെട്ട ഈ മഹാസമ്മേളനങ്ങളിൽ ഇരുപതിനായിരത്തിൽപരം പേർ സന്നിഹിതരായിരുന്നു എന്നുള്ളതു് ബഹുജനങ്ങൾക്കു കോൺഗ്രസിനോടുള്ള സ്നേഹതാല്പര്യങ്ങൾക്കു ലക്ഷ്യമത്രേ.

നമ്മുടെ കർത്താവിൻെറ ഉപദേശങ്ങൾ അനുസരിച്ച് സഹിഷ്ണുതയോടും സ്നേഹത്തോടും കൂടി മററുള്ളവരുമായി നാം സഹകരിച്ച് മററുള്ളവരോടൊപ്പം നമ്മുടെ പൗരാവകാശങ്ങളെ നാമും സംരക്ഷിക്കണമെന്നും സർവ്വസമുദായമൈത്രി പാലിക്കണമെന്നും ഉള്ളതായിരുന്നു യോഗത്തിൽ പ്രധാനമായ ചർച്ചാവിഷയങ്ങളായിരുന്നതു് എന്നു് അറിയുന്നു. നമ്മുടെ വി. സഭയുടെ വിശ്വാസത്തിനും ഉപദേശങ്ങൾക്കും തെല്ലും വിരുദ്ധമല്ലാത്ത വിധത്തിൽ മററുള്ളവരുമായി സഹകരിച്ചു മുമ്പോട്ടു പോകുന്നതു നല്ലതത്രേ. എന്നാൽ ഈ സഹകരണത്തിൽ നമ്മുടെ വിശ്വാസസത്യങ്ങൾ അന്യൂനം പാലിച്ചു കൊണ്ടു പോകുന്നതിനു നാം പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. വിശ്വാസവിഷയത്തിൽ വിട്ടു വീഴ്ചയില്ല എന്നുള്ള വസ്തുത എപ്പോഴും നാം ഓർത്തിരിക്കേണ്ടതാണ്. തികച്ചും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽ കൂടി നമ്മുടെ പൗരാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതു് ന്യായമായ ഒരു ആവശ്യമാകുന്നു. എന്നാൽ പൗരാവകാശത്തിൻെറ പേരിൽ ഒരു രാഷ്ട്രീയ സംഘടനയായി കോൺഗ്രസ്സ് ഭേദപ്പെടാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതത്രേ. കോൺഗ്രസ്സിൻെറ ഉദ്ദേശത്തിലും പ്രവർത്തനപരിധിയിലും പെടേണ്ട ചില കാര്യങ്ങളെ ചൂണ്ടിക്കാണിക്കുന്നതു് ഈ അവസരത്തിൽ പ്രയോജനപ്രദമായിരിക്കുമെന്നു ഞങ്ങൾ കരുതുന്നു.

ഒരു അപ്പോസ്തോലിക സഭയായ മലങ്കര സഭയുടെ ന്യായമായ സ്വാതന്ത്ര്യാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ട വിഷയത്തിൽ കോൺഗ്രസിൻെറ ശ്രദ്ധ പതിയേണ്ടതാണ്. സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്, സാമൂഹ്യസമ്മേളനം എന്ന പേരിൽ അറിയപ്പെട്ടിരുന്ന കാലത്തു് ഈ സംഗതിയിൽ അതിൻെറ ശ്രദ്ധ പ്രത്യേകം പതിഞ്ഞിരുന്നു. മലങ്കര സഭയുടെ ശ്രേയസ്സിനും പുരോഗതിക്കും പുരാതനമായ കാതോലിക്കാ സിംഹാസനം ഇവിടെ പുനഃസ്ഥാപിതമാകേണ്ടതു് ഏററം ആവശ്യമാണെന്നുള്ള ബോദ്ധ്യം സാമൂഹ്യ സമ്മേളനത്തിനുണ്ടായിരുന്നു. 1070-ാം മാണ്ടത്തു് കോട്ടയം എം. ഡി. സിമ്മനാരിയിൽ സമ്മേളിച്ച സാമൂഹ്യസമ്മേളനം ഇതു സംബന്ധിച്ച് ഒരു നിശ്ചയം പാസ്സാക്കുകയും അന്ത്യോക്യാപാത്രിയർക്കീസുമായി വേണ്ട എഴുത്തുകുത്തുകൾ നടത്തുന്നതിനു സമർത്ഥനായ മലങ്കരമല്പാൻ കോനാട്ടു മാത്തൻ കത്തനാർ അവർകളെയും ശീമശെമ്മാശ്ശനായ സ്ലീബാശെമ്മാശ്ശൻ (മാർ ഒസ്താത്തിയോസ്) അവർകളെയും ചുമതലപ്പെടുത്തുകയും ചെയ്തു. അതിൻെറ ഫലമായി കോനാട്ടു മാത്തൻ മല്പാൻ അവർകൾ അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന മാർ പത്രോസ് തൃതീയൻെറ അടുക്കലും പിൻഗാമിയായ മാർ അബ്ദൽമിശിഹാ പാത്രിയർക്കീസിൻെറ അടുക്കലും അപേക്ഷകൾ സമർപ്പിച്ചുകൊണ്ടിരുന്നു. 1892 ധനു 19-ാംനു- മാർ പത്രോസ് തൃതീയൻ, മല്പാൻ അവർകൾക്കയച്ച ഒരു കല്പനയിൽ "സമർത്ഥനും മല്പാനുമായ ഒരു കാതോലിക്കായേയൊ മപ്രിയാനായേയൊ നിങ്ങൾക്കയച്ചുതരണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. നാം ആലോചിക്കട്ടെ. ദൈവം നമ്മെ സഹായിക്കുന്ന പക്ഷം നാം ഒരുവനെ ശോധനചെയ്തു നിങ്ങൾക്കയച്ചുതരാം" എന്നു സമ്മതിച്ചിരുന്നതാണ്. മാർ പത്രോസ് തൃതീയനെ പിൻഗമിച്ച മാർ അബ്ദൽ മിശിഹാ ബാവായുടെ അടുക്കലേക്കു മല്പാൻ എഴുതുമ്പോൾ ഒരു കാതോലിക്കായെ അല്ല പുരാതനമായ കാതോലിക്കാ സ്ഥാപനം തന്നെ മലങ്കരയ്ക്കു തരണമെന്നത്രെ ആവശ്യപ്പെടുന്നതു്. "തിരുമേനി അറിഞ്ഞിരിക്കുന്ന പ്രകാരം മുൻകാലത്തു തിഗ്രീസ് സിംഹാസനത്തിന്മേൽ വാണിരുന്ന കിഴക്കിൻെറ മപ്രിയാനാ ആണ്......മലങ്കരയെ ഭരിച്ചു വന്നതു്. ഇപ്പോൾ തിഗ്രീസിലെ മപ്രിയാനാ ഇല്ലാതിരിക്കുന്നു. എങ്കിലും ഞങ്ങളുടെ പിതാവായ മാർ ബസ്സേലിയോസ് എന്നു് ഒന്നാമത്തേ തുബദേനിൽ അദ്ദേഹത്തിൻെറ പേരിനെ നാം ഓർക്കുന്നു. മപ്രിയാനാ ഇല്ലെങ്കിൽ എന്തിനായിട്ടാണ് അദ്ദേഹത്തിൻെറ പേരിനെ നാം ഓർക്കുന്നതു്. അദ്ദേഹത്തിൻെറ പേരിനെ ഓർക്കുന്നു എങ്കിൽ മപ്രിയാനാ യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അന്ത്യോക്യായിൽ ഇരുന്ന പാത്രിയർക്കാസിംഹാസനം മർദ്ദീനിലേക്കു നീക്കപ്പെട്ടു എങ്കിൽ തിഗ്രീസിലെ സിംഹാസനം ഇൻഡ്യയിലേക്കു നീക്കുന്നതു ശരിയല്ലെന്നു വരുന്നതു് എങ്ങനെ?" മല്പാൻ മേൽപ്രകാരം അന്ത്യോക്യാ പാത്രിയർക്കീസന്മാരുടെ അടുക്കൽ അപേക്ഷിക്കുന്നതിന് മല്പാനെ ചുമതലപ്പെടുത്തിയതു്—സാമൂഹ്യസമ്മേളനമായിരുന്നു. മലങ്കരസാമൂഹ്യസമ്മേളനത്തിൻെറ വക്താവ് എന്ന നിലയിൽ ആയിരുന്ന മല്പാൻ ഈ എഴുത്തുകുത്തുകൾ നിർവ്വഹിച്ചി

രുന്നു്. 1088-ൽ കാതോലിക്കാ സിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിതമാകുന്നതിന്നു് സാമൂഹ്യ സമ്മേളനം അതിന്റെ കഴിവുകൾ വിനിയോഗിച്ചിരുന്നു.

മാർ അബ്ദുള്ളാ പാത്രിയർക്കീസ് തിരുമേനി മലങ്കരയിൽ എത്തി ലൗകികാധികാരം പിടിച്ചെടുക്കാൻ പ്രയത്നിച്ചപ്പോഴും സാമൂഹ്യസമ്മേളനം സഭയുടെ സ്വാതന്ത്ര്യം പരിത്യജിക്കാൻ വിസമ്മതിക്കയാണു ചെയ്തതു്. 1086 കന്നിയിൽ കോട്ടയം എം. ഡി. സിമ്മനാരിയിൽ വച്ചു് ചെറിയ മഠത്തിൽ വലിയ യാക്കോബു കത്തനാർ ഇലഞ്ഞിക്കൽ ജോൺ വക്കീൽ അവർകൾ എന്നീ അഭിവന്ദ്യ പുരുഷന്മാരുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച സാമൂഹ്യ സമ്മേളനത്തിൽ സഭാസ്വാതന്ത്ര്യത്തിന്നു് അനുഗുണമായ നിശ്ചയങ്ങൾ പാസ്സാക്കുകയാണ് ചെയ്തതു്. ഇന്നത്തെ സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷപദം അലങ്കരിക്കുന്ന ഊർജ്ജസ്വലനായ മി. ജേക്കബ് കുര്യൻ അന്നത്തെ സാമൂഹ്യ സമ്മേളനത്തിൽ, മലങ്കരയിൽ ശീമമെത്രാൻ താമസമുറപ്പിക്കയും ഭരണാധികാരം കരസ്ഥമാക്കാൻ ശ്രമിക്കയും ചെയ്യുന്നതിനെ തടയണമെന്നും അതിന്റെ പ്രാരംഭകാരനായി പ്രവർത്തനമാരംഭിച്ച മാർ ഒസ്താത്തിയോസ് ആ വക സംരംഭങ്ങളിൽനിന്നും വിരമിക്കണമെന്നും വിവരിച്ചു് ഒരു പ്രമേയമവതരിപ്പിക്കയും സമ്മേളനം ഏകകണ്ഠമായി അതു പാസ്സാക്കുകയും ചെയ്തു. ഇങ്ങനെ സഭാസ്വാതന്ത്ര്യസംരക്ഷണം സംബന്ധിച്ചു് ഉൽകൃഷ്ടമായ ഒരു പാരമ്പര്യം സാമൂഹ്യ സമ്മേളനത്തിന്നു് ഉണ്ടു് എന്ന വസ്തുത തികച്ചും അഭിമാനാർഹമാണ്.

കാതോലിക്കാ സ്ഥാപനം മലങ്കര സഭയുടെ സ്വാതന്ത്ര്യ ചിഹ്നമാണ്. അതു കാനോനികമായ സർവ്വ അധികാരങ്ങളോടും അവകാശങ്ങളോടുംകൂടിയതാണ്. അതിന്റെ ന്യായമായ അധികാരാവകാശങ്ങളെ അജ്ഞതയുടെ ബലിപീഠത്തിൽ ആഹുതി ചെയ്തിട്ടു് ഒരു നാമമാത്രകാതോലിക്കാ സ്ഥാപനംകൊണ്ടു നാം തൃപ്തിപ്പെടാൻ പോകുന്നില്ല. നമ്മുടെ സ്വാതന്ത്ര്യചിഹ്നം സംരക്ഷിച്ചുകൊണ്ടുപോകേണ്ടതു് സഭാംഗങ്ങളായ നാം ഓരോരുത്തരുടേയും ചുമതലയത്രെ. കോൺഗ്രസ്സ് അതിന്റെ മഹത്തായ പാരമ്പര്യത്തെ വിസ്മരിച്ചുകളയാതെ ഒരു അപ്പോസ്തോലിക സഭയായ—അടിമസഭയല്ല—മലങ്കരസഭയുടെ സ്വാതന്ത്ര്യ സംരക്ഷണം പ്രധാന ഉദ്ദേശമായി കരുതി മുമ്പോട്ടു പോകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ജീവകാരുണ്യപരമായ പല ആശയങ്ങളും കോൺഗ്രസ്സിനുണ്ടെന്നുള്ളതു് പ്രത്യേകം അഭിനന്ദനാർഹമായിരിക്കുന്നു. തല്ക്കാലം നൂറനാട്ടു കുഷ്ഠരോഗാശുപത്രിയിലെ രോഗികളുടെ ആവശ്യങ്ങളിലേക്കു കോൺഗ്രസിന്റെ ശ്രദ്ധപതിഞ്ഞിട്ടുണ്ടു്. അവരുടെ ആത്മീയദിഷ്ടതികൾ നടത്തികൊടുക്കുന്നതിലും അവർക്കു് വസ്ത്രം, ചെരിപ്പു്, വിശേഷാവസരങ്ങളിൽ ഭക്ഷണം എന്നിവ കൊടുക്കുന്നതിലും കോൺഗ്രസ്സ് ശ്രദ്ധപതിപ്പിച്ചുവരുന്നതു് പ്രശംസാർഹമത്രെ. കുഷ്ഠരോഗം കൊണ്ടല്ലെങ്കിലും മററു പലവിധ രോഗങ്ങളാൽ ബാധിതരായി ആശുപത്രികളെ അഭയം പ്രാപിച്ചിരിക്കുന്ന ദരിദ്ര സഹോദരന്മാർ നമുക്കുണ്ടു്. വീടുകളിൽ ദാരിദ്ര്യം കൊണ്ടു വലയുന്നവരും അനേകരുണ്ടു്. തൊഴിൽരഹിതരുണ്ടു്. കൃഷി, കച്ചവടം, വ്യവസായം, ഉദ്യോഗം മുതലായ ജീവിത തുറകളിൽ അനുഗ്രഹീതന്മാരായ സമ്പന്നന്മാരും നമ്മുടെ ഇടയിൽ ഉണ്ടു്. ഈ ഒടുവിൽ പറഞ്ഞവരുടെ സ്നേഹപൂർവ്വമായ ദയാദൃഷ്ടി മററവരിലേക്കു പതിയത്തക്കവണ്ണം കോൺഗ്രസ്സ് മദ്ധ്യവർത്തിയായി നിന്നു പ്രവർത്തിക്കുന്നതു നമ്മുടെ പൊതു ഉന്നമനത്തിനു പ്രയോജനകരമായിരിക്കും.

കോൺഗ്രസ്സിന്റെ ജീവകാരുണ്യ പരമായും മററുമുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടണമെങ്കിൽ നമ്മുടെ ആളുകൾ അതിനോടു കൂടുതൽ സഹകരിക്കേണ്ടതാവശ്യമാണ്. ഏതൊരു പ്രസ്ഥാനത്തിന്റെയും ശക്തി അതോടുള്ള ബഹുജനങ്ങളുടെ സഹകരണത്തെ ആശ്രയിച്ചിരിക്കും. ബഹുജനങ്ങൾ കോൺഗ്രസിനോടു സഹകരിക്കത്തക്കവണ്ണം കോൺഗ്രസ്സ് അതിന്റെ ഉദ്ദേശവും പ്രവർത്തനസരണിയും ബഹുജനങ്ങളുടെ മുമ്പിൽ വയ്ക്കേണ്ടതാണ്.

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സ് മുഖ്യമായി അത്മേനികളുടെ ഒരു സംഘടനയാണെങ്കിലും അതിന്റെ വഴിതെററാതുള്ള പുരോഗമനത്തിനു പട്ടക്കാരുടെയും മേൽപട്ടക്കാരുടെയും പൈതൃക ദൃഷ്ടി അതിന്മേൽ എപ്പോഴും ഉണ്ടായിരിക്കണം. കത്തോലിക്ക് കോൺഗ്രസ്സിന്റെ വിജയം അവിടെയാണു സ്ഥിതിചെയ്യുന്നതെന്നു കാണാം. സഭയുടെ തത്വങ്ങളിൽ നിന്നും വ്യതിചലിക്കാതിരിക്കത്തക്കവണ്ണം കത്തോലിക്ക് കോൺഗ്രസ്സ് പ്രവർത്തകർ സഭാധികൃതന്മാരുടെ നിർദ്ദേശങ്ങൾക്കു വിധേയരായാണു പോകുന്നതു്. ഒന്നാമതായും പ്രധാനമായും നാം വി. സഭയുടെ അംഗങ്ങളാണ്. നമ്മുടെ സഭയുടെ വിസത്തിനും ഉപദേശത്തിനും വിരുദ്ധമായി യാതൊന്നു

ആത്മനിക്ഷേപം

M. C K.

16. തോട്ടവും കാററും.

വടക്കൻകാററേ, ഉണരുക. . തെക്കൻകാററേ വരിക. എൻെറ തോട്ടത്തിന്മേൽ ഊതുക. അതിൽ നിന്നു സുഗന്ധം വീശട്ടെ. എൻെറ പ്രിയൻ അവൻെറ തോട്ടത്തിൽവന്ന് അതിലെ വിശിഷ്ടഫലം ഭുജിക്കട്ടെ— ഉത്തമഗീതം 4: 16.

അവൻ അവൻെറ വചനം അയച്ച് അവയെ ഉരുക്കുന്നു: കാററ് അടിപ്പിച്ച വെള്ളത്തെ ഒഴുക്കുന്നു—സങ്കീർത്തനം 147: 18.

പ്രാർത്ഥന

അരുളപ്പാടുകളും—ദൈവത്തിൻബലവും
നിങ്ങളറിഞ്ഞീടാ—
തല്ലോ തെററിപ്പോകുന്നെ-ന്നരുളിയ—
കർത്താവാമീശോ
തിരുമൊഴിയാം നിൻനാമംകേ-ട്ടനുയാനം-
ചെയ്യടിയങ്ങൾ
നേടണമേ-ശാശ്വതമാം ജീവൻ.

കാററ് അടിച്ചു. യറുശലേം മാളികയുടെ മേൽമുറിയിൽ ഒരു ദിവ്യകാററ് അടിച്ചു. വിശുദ്ധ ശ്ലീഹന്മാരും കന്യാസ്ത്രീയമ്മയും മററും ഒരു മനപ്പെട്ടു പ്രാർത്ഥിച്ചുകൊണ്ടിരുന്ന മുറിയിൽ പെട്ടെന്നു കൊടിയകാററ് അടിക്കുന്നതുപോലെ ആകാശത്തിൽനിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടുമുഴുവൻ നിറച്ചു. അഗ്നിജ്വാലപോലെ പിളന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തൻെറമേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി—ഇതും യേശുക്രിസ്തുവിനെ കുറിച്ചുള്ള ഒരു പ്രവചനനിവൃത്തി ആയിരുന്നു. അവൻ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും നിങ്ങളെ മാമ്മോദീസാമുക്കും എന്നു യോഹന്നാൻ മാംദാനാ പ്രവചിച്ചുവല്ലൊ. അന്ത്യകാലത്തു സകല ജഡത്തിന്മേലും ഞാൻ എൻെറ ആത്മാവിനെ പകരും എന്നു യോവെൽ പ്രവാചകനും ഈ സംഭവത്തെക്കുറിച്ചു ദീർഘദർശനം പറഞ്ഞിരുന്നു.

യേശുക്രിസ്തുവിൻെറ അന്ത്യം അടുത്തപ്പോൾ അവൻ ശിഷ്യഗണത്തോടു അരുളി—ഞാൻ എന്നെ അയച്ചവൻെറ അടുക്കലേക്കു പോകുന്നു. സത്യം ഞാൻ നിങ്ങളോടുപറയുന്നു: ഞാൻ പോകുന്നതു നിങ്ങൾക്കു നല്ലതാകുന്നു. ഞാൻ എൻെറ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിൻെറ ആത്മാവ് എന്ന മറെറാരു ആശ്വാസപ്രദനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടുന്നതിനു നിങ്ങൾക്കു തരും. ഞാൻ പോകാഞ്ഞാൽ ആശ്വാസപ്രദൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു അയയ്ക്കും.

യേശുപോയി യേശുമരിച്ചു. യേശു രക്തം ചൊരിഞ്ഞുമരിച്ചു. യേശു കബറടക്കപ്പെട്ടു. എന്നാൽ മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേററു എഴുതപ്പെട്ടിട്ടുള്ളിടത്തോളം ആരോഹണംവരെ പന്ത്രണ്ടുപ്രാവശ്യം അവൻ തേജസ്സുപ്രാപിച്ച ഉയിർപ്പിൻ ശരീരത്തോടെ പ്രത്യക്ഷപ്പെട്ടു. സത്യമായിട്ടു ജീവിച്ചിരിക്കുന്നു എന്നു അനേകം ദൃഷ്ടാന്തങ്ങളാൽ അവൻ അവർക്കു കാണിച്ചുകൊടുത്തു. അനന്തരം ശിഷ്യന്മാരെ കൂട്ടിക്കൊണ്ടു ഒലിവുമലയിൽ ചെന്നു അവിടെവച്ചു സ്വർഗ്ഗാരോഹണം ചെയ്തു. അതിനു മുമ്പ് അവൻ അവർക്കു ഒരു കല്പന കൊടുത്തു. "നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ എൻെറ പിതാവു മഹത്വപ്പെടുന്നതിന് നിങ്ങളുടെ വെളിച്ചം മററുള്ളവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"

കോൺഗ്രസ്സിൽ നുഴഞ്ഞ കയറാതിരിക്കത്തക്കവണ്ണം ശരിയായ ആത്മിക നേതൃത്വം കോൺഗ്രസിനുണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അതിന്നാണ് സഭാദ്ധ്യക്ഷന്മാരുടെ പൈതൃക ദൃഷ്ടി അതിന്മേൽ ഉണ്ടായിരിക്കണമെന്നു ഞങ്ങൾ നിഷ്കർഷിക്കുന്നതു്. "നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ എൻെറ പിതാവു മഹത്വപ്പെടുന്നതിന് നിങ്ങളുടെ വെളിച്ചം മററുള്ളവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" എന്നുള്ള നമ്മുടെ ദിവ്യരക്ഷകൻെറ കല്പന കോൺഗ്രസിനു മാർഗ്ഗദർശനം നൽകട്ടെ.

ങ്ങൾ യറുശലേമിൽനിന്നു വിട്ടുപോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം. യോഹന്നാൻ വെള്ളംകൊണ്ടു മാമോദീസാ മുക്കി. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയും മുമ്പെ പരിശുദ്ധാത്മാവുകൊണ്ടു മാമോദീസാലഭിക്കും." അവർ അവനെ നമസ്കരിച്ചും വച്ചു ആ മലയിൽനിന്നു മഹാസന്തോഷത്തോടെ യറുശലേമിലേക്കു മടങ്ങി മാളികമുറിയിൽ കയറി. ആ മാളികയിൽവച്ചായിരുന്നു യേശു അവസാന പെസഹാ ഭക്ഷിച്ചതു്. അവിടെ വച്ചായിരുന്നു, മാലാകമാർ അമ്പരക്കുമാറു്, അവൻ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതു്. കുരിശുമരണത്തെ സൂചിപ്പിക്കുന്നതായ വിശുദ്ധ കുർബാന അവൻ സ്ഥാപിച്ചതും അവിടെ വച്ചായിരുന്നു. ആ മേൽമുറിയിൽ അവർ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചുപോന്നു. അവരുടെ നാഥനും സത്യമഹാപുരോഹിതനുമായ യേശുമിശിഹായാകട്ടെ, സ്വർഗ്ഗത്തിൽ മഹാശുദ്ധസ്ഥലത്തേക്കു കരേറി പിതാവിന്മുമ്പാകെ വീണ്ടെടുപ്പിൻ തിരുരക്തം അർപ്പിച്ചുകൊണ്ടുമിരുന്നു. മുകളിൽ യേശു മദ്ധ്യസ്ഥത അണസ്സുന്നു: വാഗ്ദത്തം ചെയ്ത ആശ്വാസപ്രദനെ അയച്ചുകൊടുക്കുവാൻ പ്രാർത്ഥിക്കുന്നു. താഴെ ശിഷ്യഗണം ഗുരുവിന്റെ ആജ്ഞപ്രകാരം ആ വാഗ്ദത്തത്തിനായി കാത്തിരിക്കുന്നു. ദിവസങ്ങൾ ഒമ്പതു കഴിഞ്ഞു. പെന്തിക്കൊസ്തിനാൾ ആഗതമായി. വിശുദ്ധ കൂട്ടായ്മക്കാർ പ്രാർത്ഥനയിൽ ഉററിരിക്കുന്നു. പെട്ടെന്നു കൊടിയ കാററു് അടിക്കുന്നതുപോലെ ആകാശത്തിൽനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടുമുഴുവൻ നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരുന്ന നാവുകൾ അവക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു എല്ലാവരും പരിശുദ്ധാത്മാവുനിറഞ്ഞവരായി.

ആ ആശ്ചര്യകരമായ സംഭവത്തെപ്പററി ചിന്തിക്കുക. വിശുദ്ധശ്ലീഹന്മാരും മാതാവും മററും മാളികമുറിയിൽ ഒരുമനപ്പെട്ടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവരുടെ പ്രാർത്ഥനാമൊഴികൾ എന്തായിരുന്നു എന്നു നമുക്കു അറിഞ്ഞുകൂടാ. ആ പ്രാർത്ഥനയുടെ ആശയം ഇപ്രകാരമായിരിക്കാം. "വടക്കൻ കാററേ, ഉണരുക. തെക്കൻകാററേ വരിക. എന്റെ തോട്ടത്തിന്മേൽ ഊതുക. അതിൽനിന്നു സുഗന്ധം വീശട്ടെ. എന്റെ പ്രിയൻ അവന്റെ തോട്ടത്തിൽ വന്നു് അതിന്റെ വിശിഷ്ടഫലം ഭുജിക്കട്ടെ."

ഈ തോട്ടം എന്താണു്? അതു നാമോരോരുത്തരുടെയും ഹൃദയം അല്ലയൊ? മാമോദീസായിങ്കൽ അതു ഏദനു സദൃശമായിരുന്നു. ആ തോട്ടത്തെ സൂക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ആദാമെന്നപോലെ നാം നിയുക്തരാണു്. കാററു് പരിശുദ്ധ റൂഹാ ആണു്. ആ ദിവ്യ മാരുതൻ നമ്മുടെ ഹൃദയമാകുന്ന—അഥവാ ആത്മാവാകുന്ന ഉദ്യാനത്തിൽ ഊതട്ടെ. അതിൽനിന്നും സുകൃതനടപടികളാകുന്ന വിശിഷ്ടഫലങ്ങളുടെ സുഗന്ധം വീശട്ടെ. ആ വിശിഷ്ടഫലങ്ങൾ പരിശുദ്ധാത്മാവിന്റെ ഒമ്പതു പുണ്യഫലങ്ങൾ ആകുന്നു. സ്നേഹം, സന്തോഷം, സമാധാനം— ദീർഘക്ഷമ, ദയ, പരോപകാരം— വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം— എന്നീ ഫലങ്ങൾ നമ്മിൽനിന്നു പുറപ്പെടുവാൻ സംഗതിയാകട്ടെ. ചുരുക്കിപ്പറഞ്ഞാൽ വിശുദ്ധരായിത്തീരുന്നതിനു വിളിക്കപ്പെട്ടിരിക്കുന്ന നമ്മൾ വിശുദ്ധരായിത്തീരുവാൻ പരിശുദ്ധ റൂഹാ നമ്മിൽ ആവസിക്കട്ടെ: ക്രിസ്തുവിന്റെ ആത്മാവു നമ്മെ നടത്തട്ടെ. എന്നെ കൂടാതെ നിങ്ങൾക്കു യാതൊന്നും ചെയ്യുവാൻ കഴിയുന്നതല്ല എന്നു ക്രിസ്തു അരുളിയിട്ടുള്ള വചനം ഓർത്തുകൊൾക.

പരിശുദ്ധ റൂഹായുടെ പ്രവർത്തനം എങ്ങനെയാണു്? സാധാരണയായി, സഭയിൽ കൂടെ നോമ്പു നമസ്കാരം, ദൈവവചനം, കൂദാശകൾ എന്നിവ മൂലം അവൻ പ്രവർത്തിക്കുന്നു എന്നു പറയാം. മാമോദീസാ മുതൽ പരിശുദ്ധ റൂഹാ നാമോരോരുത്തരിലും വസിക്കുന്നു. നിന്നിലുള്ള പരിശുദ്ധ റൂഹായെ നീ ജ്വലിപ്പിക്കുക എന്നു മാർ പൗലോസ് ശ്ലീഹാ തീമോത്തിയോസിനു എഴുതിയ പ്രകാരം നമ്മിലുള്ള പരിശുദ്ധാത്മാവിനെ മേൽ പ്രസ്താവിച്ച മാർഗ്ഗങ്ങളിൽ കൂടെ ജ്വലിപ്പിക്കേണ്ടതാകുന്നു. "വടക്കൻ കാററേ, ഉണരുക. തെക്കൻ കാററേ, വരിക എന്റെ തോട്ടത്തിന്മേൽ ഊതുക," എന്നു പ്രാർത്ഥിക്കാം.

കാററു് അതിനു ഇഷ്ടമുള്ളിടത്തേക്കു ഊതുന്നു എന്ന പ്രകാരം ഈ ഉദ്യാനമാരുതൻ ആകുന്ന പരിശുദ്ധാത്മവിന്റെ വ്യാപാരങ്ങൾ മനുഷ്യനിയന്ത്രണാധീനമല്ല. ആ ദിവ്യാത്മാവു് നിയമങ്ങൾക്കതീതമായി ഇഷ്ടമാകുന്നവരിൽകൂടി ഇഷ്ടമാകുന്ന പ്രകാരം പ്രവർത്തിക്കുന്നു.

നമ്മുടെ ഹൃദയമാകുന്ന ഉദ്യാനത്തിൽ വിശിഷ്ടഫലങ്ങൾ ഉണ്ടാകണമെന്നു നാം ആഗ്രഹിക്കുന്നതു നമ്മുടെ പുകഴ്ചയ്ക്കോ പ്രശംസയ്ക്കോ ആയിരിക്കരുതു്. നമ്മുടെ നാഥന്റെ മഹത്വത്തിനും പ്രയോജനത്തിനും ആയിരിക്കണം. "എന്റെ പ്രിയൻ അവന്റെ തോട്ടത്തിലേക്കു വന്നു അതിന്റെ വിശിഷ്ടഫലങ്ങൾ ഭുജിക്കട്ടെ."

മേൽ എഴുതിയിരിക്കുന്ന സങ്കീർത്തന വാക്യവും പെന്തിക്കൊസ്തിൻ സംഭവത്തെ വിശദീകരിക്കുന്നു. "അവൻ അവന്റെ വചനം അയച്ച് അവയെ ഉരുക്കുന്നു: കാററടിപ്പിച്ചു വെള്ളത്തെ ഒഴുക്കുന്നു." ആ വചനം മനുഷ്യാവതാരം ചെയ്തു ക്രിസ്തു ആയിരുന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു: വചനം ദൈവത്തോടു കൂടെ ആയിരുന്നു........ വചനം ദൈവം ആയിരുന്നു...........വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു." "അവൻ അവന്റെ വചനത്തെ അയച്ചു." എവിടെ നിന്ന് അയച്ചു? സ്വർഗ്ഗീയ സിംഹാസനത്തിൽ നിന്ന് അയച്ചു. എപ്പോൾ അയച്ചു? കാലസംപൂർണ്ണതയിൽ അയച്ചു. എവിടേക്കു അയച്ചു? ലോകത്തിലെ ഉന്നത സ്ഥാനങ്ങൾക്കും, രാജകൊട്ടാരങ്ങൾക്കും, സമ്പന്ന മന്ദിരങ്ങൾക്കും താഴെ, ദരിദ്രവസതികളെക്കാൾ പോലും താണ ബേത് ലഹേമിലെ കാലിത്തൊഴുത്തിലേക്കു അയച്ചു. എന്തിന് അയച്ചു? നമ്മുടെ പ്രകൃതം വഹിക്കുന്നതിന്, അഥവാ നമ്മുടെ പ്രകൃതം വഹിച്ചുകൊണ്ടു സൃഷ്ടിയെ മുഴുവൻ തന്നിലേക്കു ആവഹിക്കുന്നതിന് — അതായതു ലോകത്തെ രക്ഷിക്കുന്നതിന് അയച്ചു. ഫലം എന്താണ്? "അവൻ അവയെ ഉരുക്കുന്നു." യേശു വന്നപ്പോൾ മനുഷ്യൻ ദൈവത്തോട് മത്സരിച്ചുകൊണ്ടിരുന്നു. ദൈവത്തിന്റെ കല്പനകളെയും ആഹ്വാനങ്ങളെയും അവൻ അവഗണിച്ച് കഠിനഹൃദയനായി തീർന്നിരുന്നു. യഹൂദനും കാഫ്യനും ഒരുപോലെ അന്ധകാരത്തിലും മരണനിഴലിലും വസിച്ചുകൊണ്ടിരുന്നു. ശീതമരണത്തിന്റെ പിടിയിൽപെട്ട് അവൻ മരവിച്ചിരുന്നു. വചനമായ യേശു വന്ന് തിരുവചനങ്ങളാൽ ആ മരച്ചിൽ മാററി അവനെ ചൂടുപിടിപ്പിച്ചു: അവന്റെ ഹൃദയത്തിന്റെ കഠിനതയെ മൃദുലമാക്കി, അവന്റെ ജീവിതത്താലും വചനത്താലും നടപടികളാലും അത്ഭുതങ്ങളാലും കഷ്ടാനുഭവത്താലും മരണത്താലും മനുഷ്യനിൽ അനുതാപ സ്നേഹ സഹതാപ വികാരങ്ങളെ ഉദ്ദീപിപ്പിച്ചു. തണുത്തുമരച്ച് മഞ്ഞുപോലെയിരുന്ന ഹൃദയത്തെ ചൂടുപിടിപ്പിച്ച് ഉരുക്കി. "ഞാൻ ഭൂമിയിന്മേൽ ഉയർത്തപ്പെട്ടാൽ സകലരേയും എങ്കലേക്കു ആകർഷിക്കും" കർത്താവിന്റെ ജോലി മനുഷ്യഹൃദയത്തെ അനുതാപത്താൽ ഉരുക്കി പുണ്യനടപടികൾക്ക് ആവശ്യമായ പരിശുദ്ധാത്മ പ്രാപ്തിക്കായി ഒരുക്കുക എന്നതായിരുന്നു.

അടുത്തപടി എന്താണ്? "അവൻ കാററടിപ്പിച്ച് വെള്ളത്തെ ഒഴുക്കുന്നു." ആ കാററ് പരിശുദ്ധാത്മാവാണെന്നു മേൽ പ്രസ്താവിച്ചുവല്ലൊ. ആ വെള്ളമാകട്ടെ, നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരുന്ന ജീവജലമാകുന്ന കൃപാപ്രവാഹമത്രെ. ഇതു തോട്ടത്തിൽ കാണുന്ന സൗരഭ്യകരമായ വിശിഷ്ടഫലങ്ങൾക്കു തുല്യമാകുന്നു.

പെന്തിക്കൊസ്തിയിലും അതിനെ തുടൎന്നുള്ള ദിവസങ്ങളിലും പരിശുദ്ധ വ്യാപാരങ്ങളെപ്പററിയുള്ള ഏവംവിധമായ ചിന്തകൾ നമുക്കു ആത്മപോഷണം നല്കുന്ന നിക്ഷേപമായിരിക്കുന്നതാണ്. നമ്മിലുള്ള പരിശുദ്ധാത്മാവിനെ തന്മൂലം നമുക്കു ജ്വലിപ്പിക്കാം. അവൻ നമ്മെ സകല സത്യത്തിലും നടത്തുമല്ലൊ.

പ്രാർത്ഥിക്കുക.

ഉടയോനാംനാഥാ—ആത്മബലപ്രദനേ— ലോകോദ്ധാരകനേ,
തങ്കത്തെക്കാളതികാമ്യം—മധുവിൻകട്ടയിലും മധുരം
നിൻതിരുമൊഴികൾക്കായ് സ്തോത്രം,—സ്മരണയില്ലാമൊഴിവാണെങ്ങൾ
നേടണമേ—ശാശ്വതമാം ജീവൻ.

നാൽപതുവർഷം മുമ്പ്

എറണാകുളത്തെ യാക്കോബായ വിദ്യാർത്ഥികൾ എല്ലാം ചേർന്ന് ഒരു പ്രാർത്ഥനായോഗം ആഴ്ചതോറും നടത്തിവരുന്നു. അന്യസമുദായത്തിലെ വിദ്യാർത്ഥികളോടുകൂടെ വിശ്വാസം ഇടപെട്ട സംഗതികളിൽ നമ്മുടെ വിദ്യാർത്ഥികൾ ചേരാതെ തങ്ങളുടെ സത്യവിശ്വാസത്തിൽ സ്ഥിരമായിരിക്കയും ആത്മികകാര്യങ്ങളിൽ അഭിരുചി വർദ്ധിപ്പിക്കയും ചെയ്യാനാണ് ഇവരുടെ ഉദ്ദേശം.

1907 മീനം ഇടവക പത്രിക

പ്രാർത്ഥന

"സമരസന്ദർഭത്തിൽ പുണ്യവാന്മാർ ശ്രേഷ്ഠതനേടിയ ആയുധം"

(മല്ലാൻ തേനുങ്കൽ ഗീവറുഗീസ് കത്തനാർ)

I

പ്രാർത്ഥന എന്നത് ദൈവം ക്രിസ്ത്യാനികളായ നമുക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങൾക്കായി തന്നെ സ്തോത്രം ചെയ്യുന്നതും മേലാൽ നമുക്ക് ആവശ്യമുള്ള അനുഗ്രഹങ്ങൾ യാചിക്കുന്നതുമായ ആരാധനയാകുന്നു. നാമും ദൈവവും തമ്മിലുള്ള ബന്ധം അപ്പനും മക്കളും എന്നപോലെയാണ്. മക്കൾ ജോലി ചെയ്യുകയും പിതാവ് ആ ജോലിയിൽ മേലന്വേഷണം നടത്തി കുറവുകൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്കു പരിഹാരമുണ്ടാക്കുകയും ചെയ്യുന്നതു പോലെയാണ് നാം ആരാധന നടത്തുകയും നമുക്കു വേണ്ട സംഗതികൾ ദൈവത്തോട് യാചിക്കുകയും ചെയ്യുന്നത്. പ്രാർത്ഥന ആരാധനകൂടെ ആകകൊണ്ടാണ് പ്രാർത്ഥയിൽ പഴയനിയമം പുതിയ നിയമം പ്രത്യേകമായി സങ്കീർത്തനങ്ങൾ മുതലായവ വായിക്കാനും വിശ്വാസപ്രമാണം ചൊല്ലാനും വിശുദ്ധ കന്യകമറിയാം, പരിശുദ്ധന്മാർ, പരേതരായ പട്ടക്കാർ, അല്മേനികൾ മുതലായവരെ സംബന്ധിച്ച് ധൂപം വയ്പാനും സഭ ഏർപ്പെടുത്തിയിരിക്കുന്നത്. ആന്തരമായ ഈ സംഗതി മനസ്സിലാക്കാതെയാണ് നമ്മുടെ പ്രാർത്ഥനവെറും ചരിത്രവായന മാത്രമാണെന്നും മനുഷ്യർക്ക് അവശ്യമായ അപേക്ഷാരൂപത്തിൽ അല്ലാ എന്നും ഇതര സഭക്കാർ നമ്മെ കുറ്റം പറയുന്നത്. നമ്മുടെ പ്രാർത്ഥന അപേക്ഷക്രമവും ദൈവത്തിന് സ്തോത്രം ചെയ്യുന്ന ആരാധനാ ക്രമവുമായിട്ടാണ് ക്രമപ്പെടുത്തിയിരിക്കുന്നത് അതിനാൽ പ്രാർത്ഥന എന്നത് നമുക്ക് ഏറ്റവും പ്രാധാന്യമേറിയ ഒന്നാണ്. രക്ഷകനായ യേശുമിശിഹാ പലപ്പോഴും പ്രാർത്ഥിച്ചതായി വേദപുസ്തകത്തിൽ നാം കാണുന്നുണ്ട്. അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് സ്ത്രീകളേയും കുഞ്ഞുങ്ങളേയും കൂടാതെ അയ്യായിരം പേരെ പോഷിപ്പിച്ചതായ അത്ഭുതം പ്രവർത്തിച്ചശേഷം അവിടുന്ന് സന്ധ്യാസമയത്ത് പർവ്വതത്താൽ കയറി പ്രാർത്ഥിച്ചതായി കാണുന്നു. (മത്താ: 14.15—23) പ്രഭാതസമയത്ത് അദ്ദേഹം അതിരാവിലെ എഴുന്നേറ്റ്, വിജനമായ സ്ഥലത്തേയ്ക്ക് പോയി പ്രാർത്ഥിച്ചതായി കാണുന്നു. (മർക്കോ: 1. 35) മറ്റു സംഗതികൾ കണ്ടും കേട്ടും വിചാരം പതറിപ്പോകാതെ ഏകാഗ്രമായി പ്രാർത്ഥിപ്പാൻ വേണ്ടി അന്തർഗൃഹത്തിൽ പ്രവേശിച്ച് വാതിലടച്ച് പ്രാർത്ഥിക്കണമെന്ന് താൻ കല്പിക്കുന്നു. (മത്താ: 6. 6) അദ്ദേഹം പരസ്യ ശുശ്രൂഷയുടെ അവസാനത്തിൽ ശത്സീമോൻ തോട്ടത്തിൽവെച്ച് വ്യാകുലത്തോടും ഖേദത്തോടുംകൂടെ കവിണ്ണുവീണ് പ്രാർത്ഥിക്കുന്നതായും നാം വായിക്കുന്നു. പ്രാർത്ഥനകൾ സ്വീകരിക്കുന്നവനായ യേശുമിശിഹാ ഇങ്ങനെ പ്രാർത്ഥനകൾ നടത്തിയെങ്കിൽ പ്രാർത്ഥന എത്ര മഹത്തരമാണെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലൊ. പരിശുദ്ധ പിതാക്കന്മാർ പ്രാർത്ഥന എത്രയും അത്യാവശ്യമായിട്ടുള്ളതാണെന്നും അതുമൂലമുള്ള ഫലസിദ്ധികൾ വിലയേറിയതാണെന്നും ഗ്രഹിക്കുകയാൽ അവർ ഇതിനെ നിരന്തരമായി ഉപയോഗിക്കുകയും അവർക്ക് അത് വളരെ ഫലവത്തായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇതരമതസ്ഥനെങ്കിലും ലോകവിശ്രുതനായ മഹാത്മാഗാന്ധി ബർളാ മന്ദിരത്തിൽ ദിവസവും പ്രാർത്ഥനായോഗം നടത്തി വന്നിരുന്നതിനാൽ അദ്ദേഹവും പ്രാർത്ഥനയെ വളരെ സാരവത്തായി ഗണിച്ചിരുന്നുവല്ലൊ. പ്രാർത്ഥന മനുഷ്യർക്ക് അത്യന്താപേക്ഷിതമാണെന്നുള്ളതിന് സംശയമില്ല.

രഹസ്യപ്രാർത്ഥന, പരസ്യപ്രാർത്ഥന എന്നിങ്ങനെ രണ്ടുവിധമായി പ്രാർത്ഥന ക്രമീകരിച്ചിട്ടുണ്ട്. ഇവയിൽ രഹസ്യപ്രാർത്ഥന, ഏഴുനേരമായി ക്രമീകരിച്ചിട്ടുള്ള പരസ്യപ്രാർത്ഥന പോലെ എല്ലാവരും ഉപയോഗിക്കണമെന്ന് നിർബന്ധമില്ല. സന്യാസജീവിതക്കാരായ മേല്പട്ടക്കാർ, റമ്പാന്മാർ ആദിയായവർ പുരാതനകാലം മുതൽ ഏഴുനേരത്തെ പ്രാർത്ഥനകൾക്കും പുറമെ രഹസ്യപ്രാർത്ഥന ഉപയോഗിച്ചു വന്നിരുന്നു; ഇപ്പോഴും ഉപയോഗിച്ചു വരുന്നതുമാകുന്നു. ദൈവഭക്തിയുടെ വർദ്ധനവിനും ദൈവത്തോടുള്ള സംസർഗ്ഗത്തിനും വേണ്ടി ഏഴുനേരമുള്ള നിയമിത പ്രാർത്ഥനകൾക്ക് പുറമെ, വിശ്വാസികൾ അവ പ്രാർത്ഥിച്ച് ധ്യാനിക്കുന്നത് കൂടുതൽ അനുഗ്രഹപ്രദമാണ്. കൂടാതെ പൊതുപ്രാർത്ഥനതൽ അവസാനിച്ചിട്ട് അവരവർക്ക് ആവശ്യമുള്ള അനുഗ്രഹങ്ങളും, വരങ്ങളും മറ്റും ലഭിപ്പാൻവേണ്ടി രഹസ്യപ്രാർത്ഥനകൾ നി

ശ്രദ്ധമായി നടത്താവുന്നതും നടത്തി വരുന്നതുമാകുന്നു.

പ്രാർത്ഥന ദൈവവുമായിട്ടുള്ള അഭിമുഖ സംഭാഷണമാണ്. പ്രാർത്ഥനാവിഷയങ്ങളിലൊന്ന് നമുക്കാവശ്യമുള്ള അനുഗ്രഹങ്ങൾ ദൈവം തന്റെ തിരുമനസ്സുപോലെ നൽകുവാൻ വേണ്ടി തന്നോട് യാചിക്കുന്നതാണെന്ന് മുൻപ് പറഞ്ഞുവല്ലോ. അഭിമുഖസംഭാഷണം കൂടാതെ ഒരു സംഗതിയും, ഒരുവനോടും ചോദിച്ചു വാങ്ങാൻ സാധിക്കുന്നതല്ല. ഒരുവൻ അപരനിൽനിന്ന് എന്തെങ്കിലും സംഗതി ചോദിച്ചു വാങ്ങണമെങ്കിൽ അവനെ അഭിമുഖമായി കണ്ട് ആവശ്യങ്ങൾ വിവരമായി പറഞ്ഞല്ലാതെ ലഭിക്കുന്നതല്ല. അതുപോലെ ദൈവത്തിൽനിന്ന് നമ്മുടെ കാര്യങ്ങൾ സാധിക്കേണമെങ്കിൽ ദൈവത്തെക്കണ്ട് വിവരങ്ങൾ തിരുമനസ്സറിയിക്കാതെ അവ സാധിക്കുന്നതല്ല. അതിനായി നാം ഉപയോഗിക്കുന്ന അവസരം പ്രാർത്ഥനയാണ്. പ്രാർത്ഥനയിൽ നാം ഏകാഗ്രചിന്തയോടെ നിന്നാൽ മാത്രമേ ദൈവവുമായി അഭിമുഖസംഭാഷണം നടത്താൻ സാധിക്കയുള്ളൂ. നാം ഒററ നോട്ടത്തിൽ നമ്മുടെ കണ്ണുകൾക്ക് മുമ്പാകെയുള്ള എല്ലാ വസ്തുക്കളേയും കാണുകയും അവയിലേക്ക് നമ്മുടെ ചിന്ത പതറുകയും ചെയ്യുന്നു. നാം കാണുന്ന വസ്തുക്കളിൽത്തന്നെയല്ല, കാണാത്ത വസ്തുക്കളിലേയ്ക്കും വിദേശങ്ങളിലേയ്ക്കും നമ്മുടെ ചിന്ത പതറിപ്പോകുന്നു. ഇങ്ങനെ നിമിഷങ്ങളിൽ നമ്മുടെ ചിന്ത വിവിധ സംഗതികളിലേയ്ക്ക് മാറിമാറിപ്പോകും. ഏകാഗ്രചിന്തയിൽ നമ്മുടെ മനസ്സിനെ നിറുത്തുന്നത് ശ്രമസാദ്ധ്യമായ ഒരു സംഗതിയാണ്. നാം ദൈവത്തിന്റെ തിരുസന്നിധിയിൽ ഏകാഗ്രചിന്തയോടെ നിന്നില്ലെങ്കിൽ ദൈവത്തിന്റെ തിരുസന്നിധിയെ നാം അവഗണിക്കുന്നു എന്നും, തന്നിമിത്തം നമുക്ക് സന്നിധിബോധം ഇല്ലെന്നു വരുന്നു. ഇങ്ങനെ നമ്മുടെ ചിന്തയിൽ ദൈവത്തിൽനിന്ന് നാം അകന്നുപോകയും ദൈവവുമായിട്ടുള്ള സംഭാഷണം നടക്കാതേയും തന്നിമിത്തം ദൈവത്തിൽനിന്ന് ലഭിക്കേണ്ട സംഗതി ലഭിക്കാതെയും വരുന്നു. അതുകൊണ്ടാണ് ചിന്താഭാരമുണ്ടാകാതെ അന്തർഗ്ഗൃഹത്തിൽ പ്രവേശിച്ച് പ്രാർത്ഥിക്കണമെന്ന് മിശിഹാതമ്പുരാൻ കല്പിച്ചതും, വിജനമായ സ്ഥലത്തുപോയി പ്രാർത്ഥിച്ചതും. പരിശുദ്ധനായ മാർ അപ്രേം മല്പാൻ ഏകാഗ്രതയോടെനിന്ന് പ്രാർത്ഥിപ്പാൻ വേണ്ടി ഇങ്ങനെ ഉപദേശിക്കുന്നു. "നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ വിചാരങ്ങളെ കടിഞ്ഞാണുകൊണ്ട് ബന്ധിച്ച് നിന്റെ ഹൃദയത്തിൽത്തന്നെ ചേർത്തുനിർത്തുക." (തിങ്കളാഴ്ച സന്ധ്യാപ്രാർത്ഥന)

"പ്രാർത്ഥന പിശാചുമായിട്ടുള്ള പോരാട്ടമാകുന്നു. പോരാട്ടത്തിൽ ഏററവും അത്യാവശ്യമായിട്ടുള്ളത് ആയുധങ്ങളാണ്. ഏററവും വിജയകരമായിട്ടുള്ള ആയുധം ശേഖരിച്ച ഭാഗം മറുഭാഗത്തെ പരാജയപ്പെടുത്തും. ഓരോ ഭാഗവും യുദ്ധത്തിന് മുൻപേതന്നെ ആയുധങ്ങൾ ശേഖരിക്കുന്നു. നല്ല ആയുധങ്ങൾ ശേഖരിക്കാത്ത രാജ്യം പരാജിതനായത്തീരും. സംശയമില്ല. രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്കാ എതിർ ഭാഗങ്ങൾക്ക് ശേഖരിക്കാൻ കഴിയാതിരുന്ന ആയുധം (അണുകമ്പോംബ്) ഉപയോഗിച്ച് എതിർ പക്ഷക്കാരെ പരാജിതരാക്കി എന്നുള്ളത് ലോകപ്രസിദ്ധമാണല്ലോ. യേശുമിശിഹാ ഉപവാസവും പ്രാർത്ഥനയുമാണ് പിശാചുമായിട്ടുള്ള പോരാട്ടത്തിൽ നമുക്ക് ആയുധങ്ങളായി നല്കിയിട്ടുള്ളത്. യേശുമിശിഹാ നാല്പതു ദിവസം വനത്തിൽപോയി ഉപവസിച്ചു, അവസാനം പിശാച് തന്നെ പരീക്ഷയിൽ തോല്പിപ്പാൻ വന്നുവെങ്കിലും താൻ അവനെ അധഃപതിപ്പിച്ച് വിജയിയായിത്തീർന്നു. ഒരു ദുർഭൂതബാധിതനായ മനുഷ്യനെ അപ്പോസ്തോലന്മാരുടെ അടുക്കൽ കൊണ്ടുവന്നു. അവർക്ക് അവനെ സുഖപ്പെടുത്തുവാൻ സാധിക്കാതെ വന്നതിനാൽ യേശുമിശിഹായുടെ അടുക്കൽ കൊണ്ടുവരികയും താൻ അവനെ സുഖപ്പെടുത്തുകയും ചെയ്തു. അപ്പോസ്തോലന്മാർക്ക് അവനെ സുഖപ്പെടുത്തുവാൻ കഴിയാഞ്ഞതെന്തുകൊണ്ടാണെന്നുള്ള ചോദ്യത്തിന്റെ മറുപടി "ഈ വർഗ്ഗമാകട്ടെ പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ ഒഴിഞ്ഞുപോവുകയില്ല" എന്നാണ്. (മത്താ: 17. 21.) പരിശുദ്ധനായ മാർ യാക്കോബ് മല്പാൻ പറയുന്നതു "സമര സന്ദർഭത്തിൽ പുണ്യവാന്മാർ ശ്രേഷ്ഠതനേടിയിട്ടുള്ളതും ശ്രേഷ്ഠന്മാർക്കാവശ്യമുള്ളതുമായ ആയുധം പ്രാർത്ഥനയാണ്. അതിനാൽ സമരസമയത്ത് രാജഭടന്മാർക്ക് ധരിക്കത്തക്കവണ്ണം ദൈവപുത്രൻ പ്രാർത്ഥനയെ ആയുധമായി വാർത്തു ശുദ്ധീകരിച്ചു കൊടുത്തു" എന്നാണ്. അതായത് അപ്പോസ്തോലന്മാരെ യേശുമിശിഹാ കർതൃപ്രാർത്ഥന ചൊല്ലിക്കൊടുത്ത് പഠിപ്പിക്കയും ദുഷ്ടനായ പിശാചിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ എന്ന് അതിൽ സൂചിപ്പിക്കയും ചെയ്തു എന്നതാണ് സാരം. ബലവാനായ ഒരുത്തൻ അന്യനെ ഊർജ്ജിതമായി ഉപദ്രവിക്കുമ്പോൾ അവന്റെ രക്ഷകനും സഹായിയും ആയവനെ വിളിക്കുന്നു എന്നും അവൻ ഈ ബല

ഫാദർ ചക്രവർത്തി

(മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ, ബി. ഏ., ബി. ഡി., എൽ. ററി.)

ഫാദർ ചക്രവർത്തി ജനിച്ചതു ബങ്കാളിലെ ഒരു ബ്രാഹ്മണ കുടുംബത്തിലാണ്. അഛൻ ഒരു നാട്ടുരാജ്യത്തിലെ ദിവാനായിരുന്നു. ഓക്സ്ഫോർഡ് മിഷ്യൻ ഹോസ്റ്റലിൽ താമസിച്ചു ബി. ഏ. യ്ക്കു പഠിച്ചുകൊണ്ടിരുന്ന കാലത്തു അദ്ദേഹത്തിനു ഒരു സ്വപ്നമുണ്ടായി. പ്രകാശമുള്ള ഒരു പുരുഷൻ അദ്ദേഹത്തിൻ്റെ അടുക്കൽ വന്നു തന്നെ അനുഗ്രഹിച്ചു സമാധാനവും രക്ഷയും നൽകുന്നതായി അദ്ദേഹത്തിനു തോന്നി. ഈ ദർശനത്തെപ്പററി അദ്ദേഹം അഛനോടു പറയുകയും അഛനും മകനും കൂടി ചെന്നു ഫാദർ ഡഗ്ലസ്സിനെ വിവരം അറിയിക്കുകയും ചെയ്തു. ഫാദർ ഡഗ്ലസ് തൻ്റെ മുറിയ്ക്കകത്തേക്കു പ്രവേശിച്ചു യേശുതമ്പുരാൻ്റെ ഒരു പടം എടുത്തുകൊണ്ടുവന്നു അവരെ കാണിച്ചു. "നിനക്കു കാണപ്പെട്ട ആൾ ഇതുപോലെയിരുന്നുവോ?" എന്ന ചോദ്യത്തിനു, "ഇതുപോലെയിരുന്നു, കൈകളിൽ ആണിപ്പഴുതുകൾ ഉണ്ടായിരുന്നു, തലയിൽ മുൾക്കിരീടവും ഉണ്ടായിരുന്നു", എന്നു ചക്രവർത്തി മറുപടി പറഞ്ഞു. ഇങ്ങനെയാണു യുവാവായ ചക്രവർത്തി മാമോദീസാ മുങ്ങുവാൻ ഇടയായതു. കുടുംബത്തിൽ നിന്നു അദ്ദേഹം ബഹിഷ്കരിക്കപ്പെട്ടു. പിന്നെ വല്ലപ്പോഴും അദ്ദേഹം കുടുംബം സന്ദർശിച്ചപ്പോൾ അമ്മ മുററത്തു അദ്ദേഹത്തിനു ഭക്ഷണം കൊടുത്തു. ബി. ഏ. മുഴുവനാക്കുവാൻ അദ്ദേഹം സമ്മതിക്കാത്തതിനാൽ മിശിഹാമൂലം ലഭിച്ച വെളിച്ചത്തെ തൻ്റെ നാട്ടുകാർക്കു കൊടുപ്പാൻ ഉദ്യമിച്ചു. പട്ടക്കാരനായ ശേഷം അദ്ദേഹം സെൻറ് ആൻഡ്രൂസ് മിഷ്യനറി സംഘം സ്ഥാപിച്ചു [illegible] ങ്ങളിൽ താമസിക്കുന്ന [illegible] കൂടെ [illegible] ൽ വളരെ കഷ്ടതകൾ സഹിച്ചു വേലചെയ്യുകയും അനേകരെ ക്രിസ്ത്യാനികളാക്കുകയും ചെയ്തു. അനേ [illegible] യിരുന്നു.

33 വർഷം മുമ്പു ബങ്കാളിൽ ബാരിസാളിൽ വച്ചു ഞാൻ അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹത്തിനും കൂട്ടു പ്രവർത്തകന്മാരിൽ ചിലർക്കും കുറെശ്ശെ തുള്ളപ്പനിയുണ്ടായിരുന്നു. സെറാമ്പൂരിൽ എം. ഏ. അച്ചൻ്റെ (മാർ ഈവാനിയോസ്) കൂടെ ഞങ്ങൾ താമസിച്ചു വേദാഭ്യസനം നടത്തുന്ന കാലമായിരുന്നു അതു്. ഒരിക്കൽ ഫാദർ ചക്രവർത്തി ഞങ്ങളെ സന്ദർശിപ്പാൻ സെറാമ്പൂരിൽ വന്നു. വിദ്യാർത്ഥികളായ ഞങ്ങൾ അദ്ദേഹത്തെ സ്വീകരിപ്പാൻ ഉത്സാഹത്തോടെ റെയിൽവേസ്റ്റേഷനിലേക്കു പോയി. വണ്ടി വന്നു നിന്നപ്പോൾ ഞങ്ങൾ ഒന്നാംക്ലാസിലും രണ്ടാംക്ലാസ്സിലും നോക്കീട്ടു അദ്ദേഹത്തെ കണ്ടില്ല. ഒടുവിൽ ഒരു മൂന്നാംക്ലാസ് മുറിയിൽ നിന്നു ഒരു

വാനേക്കാൾ ശക്തനെന്നും അറിഞ്ഞാൽ അവൻ ഓടിപ്പോകയും ഇവൻ രക്ഷപ്രാപിക്കുകയും ചെയ്യും എന്നതിനു സംശയമില്ല. ഒരിക്കൽ ഒരു കുട്ടിയുടെ നേരെ ഉഗ്രനായ ഒരു നായ് ഭയങ്കരമായി കുരച്ചുകൊണ്ടു കടിക്കാൻ ഓടിവന്നു. കുട്ടി ഭയന്നു നിലവിളിച്ചു; തൻ്റെ അച്ഛനെ വിളിച്ചു. കുട്ടിയുടെ വിളിയും നിലവിളിയും കേട്ടു ഓടിവന്ന പിതാവിനെ കണ്ടപ്പോൾ ആ നായ് ലജ്ജിച്ചു പിൻതിരിഞ്ഞു ഓടിപ്പോയി. ഇങ്ങനെ നാം പിശാചിൻ്റെ പോരാട്ടമാകുന്ന പരീക്ഷയിൽ ഉൾപ്പെട്ടു വലഞ്ഞു പ്രയാസപ്പെടുമ്പോൾ താൻ പഠിപ്പിച്ചിട്ടുള്ള കർതൃ പ്രാർത്ഥന ഉപയോഗിച്ചു ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ എന്നു വിളിച്ചപേക്ഷിച്ചാൽ നിശ്ചയമായും പിശാചു നമ്മിൽനിന്നു അകന്നുപോകും. ആകയാൽ മിശിഹാ തമ്പുരാൻ നമുക്കു വാർത്തുതന്നിട്ടുള്ള അതേ—ചൊല്ലിത്തന്നു പഠിപ്പിച്ചിട്ടുള്ള അത്യുത്തമമാകുന്ന പ്രാർത്ഥന നിരന്തരമായിട്ടുള്ള പോരാട്ടത്തിൽ നാം ഉപയോഗിച്ചാൽ നമുക്കു പൂർണ്ണ വിജയം ലഭിക്കുന്നതാണ്. പ്രാർത്ഥന നമുക്കു സർവ്വപ്രധാനമായിട്ടുള്ളതാണെന്നു മുമ്പു പറഞ്ഞുവല്ലോ. നാം സദാനേരവും പ്രാർത്ഥിക്കണമെന്നു മി. പൗലൂസ് ശ്ലീഹാ നമ്മോടുപദേശിക്കുന്നു. (എഫേ: 6. 18; ഫിലിപ്പി 4. 6; കൊലോ. 4. 12.) മിശിഹായുടെ രണ്ടാമത്തെ വരവു എപ്പോഴാണെന്നു അറിവില്ലാത്തതിനാൽ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ എന്നു താനും കല്പിക്കുന്നു. (മർക്കോ 13: 33.) ആയതിനാൽ നാം പ്രാർത്ഥനയിൽ ജാഗരൂകരായിരിക്കേണ്ടതാണ്.

സമാധാനമാർഗ്ഗം സത്യദീക്ഷമാത്രം

(ദി. ശ്രീ. ചാലാശ്ശേരിൽ ഗീവറുഗീസ് കത്തനാർ, കല്ലുങ്കത്ര)

സഭാസമാധാനാർത്ഥം മലങ്കര സഭയിലെ ഇരുകക്ഷികളിലെയും മേല്പട്ടക്കാർ ചിങ്ങവനം മാർഅപ്രേം സിമ്മനാരിയിൽ വച്ചു് ഒരു വട്ടമേശസമ്മേളനം നടത്തിയ വസ്തുത ഇതിനകം സമുദായത്തിൻെറ ഏതൊരു മൂക്കിലും മൂലയിലും അറിയപ്പെട്ടിട്ടുള്ളതാണല്ലൊ. സമാധാനം തങ്ങളുടെ ലക്ഷ്യമാക്കിക്കൊ

ചെറിയ തുണിക്കെട്ടോടുകൂടി ഫാദർ ചക്രവത്തി ഇറങ്ങിവന്നു.

പെരുനാട്ട് ബഥനിയിൽ വച്ചുകൂടിയ വിദ്യാർത്ഥി സംഘത്തിൽ ഞാൻ ജനറൽ സെക്രട്ടറി ആയിരുന്നു. ഫാദർ ചക്രവത്തി ആയിരുന്നു പ്രധാന പ്രസംഗകൻ. ബങ്കാളി യുവാക്കന്മാരെ അതിശയിക്കുന്ന നൂറു സിറിയൻ വിദ്യാർത്ഥികളോടു അദ്ദേഹം സംസാരിക്കയും സ്വയപരിത്യാഗത്തോടും സേവനബുദ്ധിയോടും കൂടി വടക്കെ ഇന്ത്യയിലേക്കു ചിലരെങ്കിലും മിഷ്യനറിമാരായി പോയി സുവിശേഷം പ്രചരിപ്പിക്കണമെന്നു അഭ്യർത്ഥിക്കുകയും ചെയ്തു. "Establish branches and centres of work in the various provinces of India, and thus fulfil the age-long vocation of the Syrian Church of Malabar," എന്നു അദ്ദേഹം എനിക്കു എഴുതി. കഴിഞ്ഞ കൊല്ലം ഞാൻ നടത്തിയ അഖിലേന്ത്യൻ മിഷ്യനറി പര്യടനത്തിൽ രോഗശയ്യയിൽ കൽക്കട്ടാ സെൻറുമേരീസ് പള്ളിയിൽ കിടക്കുന്ന ഫാദർ ചക്രവത്തിയെ ഞാൻ സന്ദർശിച്ചു. അദ്ദേഹത്തിൻെറ മിഷ്യനറി അദ്ധ്വാനങ്ങളുടെ കൂടുതൽ നിമിത്തം അദ്ദേഹം ഒന്നു രണ്ടുതവണ വിശുദ്ധ കർബാന സമയത്തു മോഹാലസ്യപ്പെടുകയുണ്ടായി. പി. ഗാംഗുലി. ബി. ഏ. ബി. എൽ. തൻെറ ജോലി പിന്തുടരുമെന്നു എന്നോടു മന്ദസ്വരത്തിൽ പറഞ്ഞു. 68–ാമത്തെ വയസ്സിൽ ഈ മാസം അദ്ദേഹം മരണം പ്രാപിച്ചു. ന്യൂദൽഹിയിൽ വച്ചു് ഇന്ത്യൻ കോണാസംബ്ളിയിലെ പ്രസിഡണ്ടു ഡോക്കർ മുക്കർജി എന്നോടു പറഞ്ഞു തനിക്കു പരിശുദ്ധനായ ഫാദർ ചക്രവത്തിയെപ്പററി അത്യാധികമായ ബഹുമാനം ഉണ്ടെന്നാണ്.

സ്തുതി ചൊവ്വാകപ്പെട്ട നമ്മുടെ സത്യവിശ്വാസത്തോടു യോജിച്ചു നില്ക്കുന്ന ഫാദർ ചക്രവത്തിയെ വടക്കെ ഇന്ത്യൻ ഓർത്തഡോക്സ് ബിഷപ്പായി അവരോധിക്കുന്നതു നല്ലകാര്യമാണെന്നു ഞാൻ കഴിഞ്ഞകൊല്ലം മാർ ബസ്സേലിയോസ് കാതോലിക്കാബാവാ തിരുമനസ്സിലേക്കു എഴുതുകയുണ്ടായി. ബാവാ തിരുമേനിയാകട്ടെ, "സഭവൎദ്ധിപ്പിക്കുന്നവൻ" എന്നർത്ഥമുള്ള മപ്രിയാനാ കൂടിയാണല്ലൊ. നമ്മുടെ കക്ഷിവഴക്കുകൾ അവസാനിപ്പിച്ചു് എല്ലാ ഇന്ത്യൻ ക്രിസ്ത്യാനികളുടേയും അമ്മയായ നമ്മുടെ സഭ സ്വതന്ത്രഭാരതത്തിൽ വികസിക്കണമെന്നു തിരുമേനിയേപ്പോലെ അഗ്രഹിക്കുന്നവർ വേറെ ആരുമില്ല. നമ്മെ സന്ദർശിപ്പാനും നമ്മുടെ സഭയുടെ ഒരു ശാഖ ഉടനെ വടക്കെ ഇന്ത്യയിൽ ആരംഭിക്കണമെന്നു അപേക്ഷിപ്പാനും ഇവിടെ വന്നിട്ടുള്ള മി. ഗാംഗുലിക്കു പരിശീലനത്തിനു ശേഷം ബാവാ തിരുമേനി പട്ടം കൊടുക്കുന്നതു നന്നായിരിക്കും. ബംഗാളിലുള്ള ആംഗ്ലേയ മുതലായ സഭകൾക്കു ബങ്കാളിലേക്കുള്ള നമ്മുടെ പ്രവേശനം നീരസമായി വരുവാൻ ഇടയില്ല. പുറജാതിക്കാരെ നാം പഠിപ്പിച്ചു ചേക്കുന്നതിൽ അവർ സന്തോഷിക്കുകയേ ചെയ്യുകയുള്ളു. അതിനുള്ള അവകാശം കിഴക്കൻസഭയിൽ പെട്ട നമുക്കു ഉള്ളതുമാണല്ലോ. പട്ടക്കാർ ഉൾപ്പെടെ തൽക്കാലം നാലുപേരെ അയക്കണമെന്നു മി. ഗാംഗുലി അഗ്രഹിക്കുന്നു. അവരുടെ ചെലവു ബങ്കാളിൽ നിന്നു വഹിക്കും. ഇരുപതു രൂപാ വീതം പ്രതിമാസം പോക്കററ് മണി മാതൃസഭയിൽ നിന്നു ഓരോരുത്തക്കും അയച്ചാൽ മതിയാകും. നമ്മുടെ കർബാനതക്സായും മററും ഉടനെ ബങ്കാളി ഭാഷയിലേക്കു തർജ്ജിമ ചെയ്യേണ്ടിവരും. ദൈവം അനുവദിച്ചു് ഒരു കൊല്ലം കഴിഞ്ഞുള്ള എൻെറ രണ്ടാം ഇന്ത്യൻ മിഷ്യനറി യാത്രയിൽ മി. ഗാംഗുലിയുടെ ബങ്കാൾ പ്രദേശങ്ങൾ ഞാൻ സന്ദർശിക്കണമെന്നു ഉദ്ദേശിച്ചിരിക്കുന്നു. സുറിയാനിപ്പട്ടക്കാരിലും യുവാക്കന്മാരിലും ചിലർ വടക്കെ ഇന്ത്യയിലേക്കു മിഷ്യനറിമാരായി പോകുവാൻ ആലോചിച്ചു് പ്രാർത്ഥിച്ചു് ഒരുങ്ങുവിൻ.

ണ്ടു മുന്നോട്ടു വന്നിട്ടുള്ള പീസ്‌ലീഗിന്റെ ആഭിമുഖ്യത്തിൽ സമ്മേളിച്ച ഈ സമ്മേളനം ഒരു വിജയപര്യവസായി ആയിരുന്നു എന്നു പറവാൻ നിവൃത്തിയില്ല. പരിപൂർണ്ണമായും പരാജയപ്പെടുകയാണു ചെയ്തത്. അവിടെ രൂപമെടുത്ത വ്യവസ്ഥകൾ അന്ത്യോക്യാ പാത്രിയർക്കീസ് തിരുമനസ്സിലേക്ക് അയയ്ക്കപ്പെട്ടുവെങ്കിലും, അദ്ദേഹം അവ സമ്മതിച്ചു തിരിച്ചയക്കുകയുണ്ടായില്ല, എന്നു മാത്രമല്ല അദ്ദേഹത്തിന്റെ ഇഷ്ടാനുസരണം കുറെ വ്യവസ്ഥകൾ രൂപീകരിച്ച് ഇങ്ങോട്ടയച്ചു കൊടുക്കയും സമാധാനത്തിനു വേണ്ടി അവ സ്വീകരിക്കാൻ അനുശാസിക്കയും ചെയ്തു. ചിങ്ങവനം വ്യവസ്ഥകളിൽ വള്ളിക്കോ പുള്ളിക്കോ വ്യത്യാസം വരുത്തിയാൽ അതു തങ്ങൾക്കു സ്വീകാര്യമായിരിക്കയില്ല എന്നുള്ള സംഗതി പീസ്‌ലീഗുപ്രവർത്തകർ ഇതിനകം അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രകടമാക്കിയിട്ടുള്ളതാണ്. ആ നിലയിൽ പാത്രിയർക്കീസിന്റെ കല്പനകളും ഹോംസ് വ്യവസ്ഥകളും സമാധാന കവാടങ്ങളെ അടച്ചുകളയുകയാണു ചെയ്തത്. ചിങ്ങവനം സമ്മേളനത്തിൽ വച്ച് വ്യക്തമാക്കിയിരുന്ന പ്രകാരം വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ചിങ്ങവനം വ്യവസ്ഥകളുടെ ഒരു പ്രതി അതിന്മേൽ തിരുമനസ്സിലേക്കുള്ള അഭിപ്രായങ്ങളോടു (Commnets) കൂടി പാത്രിയർക്കീസു തിരുമനസ്സിലേക്ക് അയച്ചു എങ്കിലും അതു് അവിടെ കിട്ടി എന്ന വിവരത്തിനു് ഒരു മറുപടി പോലും ഹോംസിൽ നിന്നു് കാതോലിക്കാ ബാവാതിരുമനസ്സിലേക്ക് ലഭിച്ചിട്ടില്ല. പത്രിയർക്കീസ് ബാവായുടെ "വന്ന" എന്നു പറയപ്പെടുന്ന കത്തുകളും വ്യവസ്ഥകളുമെല്ലാം അദ്ദേഹത്തിന്റെ ഡലിഗേറ്റായ മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽ കൂടി മാത്രമാണ് മലങ്കരസഭാംഗങ്ങളും വിശിഷ്യാ പീസ്‌ലീഗുകാരും അറിഞ്ഞിട്ടുള്ളതു്. മലങ്കര സഭാംഗങ്ങൾക്ക് അത്രമാത്രം അപ്രാപ്യനായ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു കാര്യങ്ങളെല്ലാം ഇതിനകം പൂർണ്ണമായി മനസ്സിലാക്കി എന്നും ഇനി ഇതു സംബന്ധിച്ച് പീസ്‌ലീഗു സെക്രട്ടറിയൊ മററാരെങ്കിലുമോ അദ്ദേഹത്തെ സമീപിക്കേണ്ട ആവശ്യമില്ലെന്നും അദ്ദേഹത്തിന്റെ കല്പനയിൽ പ്രസ്പഷ്ടമാക്കിയിട്ടുണ്ട്. പാത്രിയർക്കീസ് കക്ഷിഭാഗം അഡ്വക്കേറ്റു മി. കെ. പി. എബ്രഹാം പാത്രിയർക്കീസിനെ കണ്ടു് സംഗതികൾ ഗ്രഹിപ്പിക്കാമെന്നു് കരുതിയിട്ടുപോലും ഡലിഗേററു മാർ യൂലിയോസ് തിരുമേനി ഉൾപ്പെടെയുള്ള പാത്രിയർക്കീസ് ഭാഗം മേല്പട്ടക്കാർ അയതിനു് ഒരു "ഇരുമ്പുമറ"യായി നില്ക്കയാണ് ചെയ്തതു എന്നു മി. കെ. പി. എബ്രഹാം തന്നെ പരസ്യപ്പെടുത്തിയിട്ടുണ്ട്. ചിങ്ങവനംവ്യവസ്ഥകളെ പരാമർശിച്ചു സംസാരിക്കുന്നതിനു മലങ്കരയിൽനിന്നുള്ള യാതൊരു ഡലിഗേഷനെയും താൻ സ്വീകരിക്കുന്നതല്ലെന്നു പാത്രിയർക്കീസുബാവാ വീണ്ടും അദ്ദേഹത്തിന്റെ ഭാഗത്തുള്ള മെത്രാന്മാരെ തെര്യപ്പെടുത്തിയിട്ടുള്ളതായിട്ടാണ് പത്രങ്ങൾ മൂലവും മററും അറിയാൻ ഇടയായിട്ടുള്ളതു്. ഈ നിലയിൽ ചിങ്ങവനം വ്യവസ്ഥകൾ പരിത്യജിക്കപ്പെടുകയും അങ്ങനെ ഈ പ്രാവശ്യത്തെ സമാധാന സംരംഭവും പരാജയമടയുകയുമാണു ചെയ്തിട്ടുള്ളതു്.

ഈ സമാധാന സംരംഭങ്ങളെല്ലാം ഇങ്ങനെ പരാജയപ്പെടുന്നതിന്റെ കാരണമെന്തു്? സമാധാനം ദൈവത്തിനു പ്രസാദകരമല്ലയൊ? ഇതു നാമേവരുടേയും അവഗാഢമായ ചിന്തയെ അർഹിക്കുന്ന ഒരു പ്രശ്നമത്രെ.

സത്യവും, സമാധാനവും. ഇവരണ്ടും എപ്പോഴും ഐക്യപ്പെട്ടിരിക്കുന്നു. സത്യം ദീപമെങ്കിൽ സമാധാനം അതിന്റെ ദീപ്തിയാണ്. സത്യദീക്ഷയുണ്ടെങ്കിൽ സമാധാനം സുപ്രാപ്യമത്രെ. സത്യത്തിൽനിന്നും വ്യതിചലിച്ചിട്ട് സമാധാനത്തെ വിഭാവനം ചെയ്യാൻ കഴിഞ്ഞെന്നുവരാം. എന്നാൽ സത്യത്തെ കൊന്നിട്ടു സമ്പാദിക്കുന്ന സമാധാനം ഒരു മിന്നൽപിണർപോലെ ക്ഷണദീപ്തമായിരിക്കും. വീണ്ടും അന്ധകാരംതന്നെ. അസമാധാനമാകുന്ന അന്ധകാരംകൊണ്ടു നിബിഡമായ സഭാന്തരീക്ഷത്തിൽ സത്യമാകുന്ന ചന്ദ്രൻ പ്രകാശിക്കുമ്പോൾ മാത്രമേ സമാധാനമാകുന്ന പ്രകാശം വ്യാപിക്കയുള്ളു. നമ്മുടെ സമാധാനാലോചനകളിൽ വേണ്ടിടത്തോളം സത്യദീക്ഷയുണ്ടായിട്ടുണ്ടോ എന്നു ചിന്തിച്ചു നോക്കുക. സമാധാനം കൈവരുത്താൻ വേണ്ടി പല പരമാർത്ഥങ്ങളേയും മാർദ്ദവമായ പട്ടുശീലയിൽ പൊതിഞ്ഞു മാററിവയ്ക്കുന്ന ഒരു രീതി കാണാറുണ്ട്. മലങ്കര സഭയിലെ ഇന്നത്തെ പ്രധാനമായ രണ്ടു വാദവിഷയങ്ങൾ പട്ടത്വവും കാനോനുമാണ്. അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന വി. അബ്ദുൽമിശിഹാബാവായെ അവിടുത്തെ സുന്നഹദോസു മുടക്കിയിട്ടുണ്ടെന്നും തന്നിമിത്തം അദ്ദേഹത്തിൽ നിന്നും സിദ്ധിച്ചിട്ടുള്ള പട്ടത്വങ്ങൾ വ്യർത്ഥങ്ങളാണെന്നുമാണ് ഇവിടുത്തെ പാത്രിക്കീസ് കക്ഷികൾ പ്രസ്താവിക്കുന്നതു്. മലങ്കര സഭയിൽ കക്ഷിഭിന്നതയുണ്ടായതു മുതൽ നാളതുവരെ, ഇവിടെയുള്ള പല കോടതികളിലായി നടത്തപ്പെട്ടിട്ടുള്ള കേസുകളിലൊന്നും ഈ വസ്തുത തെളിയിക്കാൻ അവർക്കു സാധിച്ചിട്ടില്ലെന്നു മാത്രമല്ല, കാതോലിക്കാ ഭാഗത്തെ

ക്കു ദോഷമായിട്ടുണ്ടായ വിധികളിൽ പോലും അബ്ദൽമ്ശിഹാ പാത്രിയക്കീസിന്റെ സ്ഥാനസാധുത്വം സംശയമെന്യെ സമ്മതിക്കയും അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികൾ കാനോനികമാണെന്നു സ്ഥാപിക്കയുമാണു ചെയ്തിട്ടുള്ളതു്. 1934-ൽ സമാധാന സ്ഥാപനാർത്ഥം വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ഹോംസിലേക്ക് എഴുന്നള്ളിയിരുന്ന അവസരത്തിൽ അബ്ദൽമിശിഹാ പാത്രിയക്കീസു തന്നിട്ടുള്ള കല്പന കൊണ്ടുവന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ തിരിച്ചേല്പിക്കണം എന്ന് ഇപ്പോഴത്തെ പാത്രിയക്കീസുബാവാ ആവശ്യപ്പെടുകയുണ്ടായി. "നിങ്ങൾ പറയുന്ന പ്രകാരം മുടക്കപ്പെട്ട ഒരു പാത്രിയക്കീസിന്റെ കല്പന നിങ്ങൾക്കെന്തിനാണ്. അതു തരുകയില്ല" എന്നാണ് കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് മറുപടി കല്പിച്ചതു്. ദിവംഗതനായ മലങ്കരമെത്രാപ്പോലീത്താ തിരുമേനിയോടും മാർ ഏലിയാസ് തൃതീയൻ മലങ്കയിൽ എഴുന്നെള്ളിയിരുന്നപ്പോൾ ഒന്നിലധികം പ്രാവശ്യം ഇതുതന്നെ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടുണ്ട്. മുടക്കപ്പെട്ട പാത്രിയക്കീസ് എങ്കിൽ അദ്ദേഹത്തിന്റെ കല്പന തിര്യെവാങ്ങിക്കുന്നതിന് കാണിക്കുന്ന ഈ വ്യഗ്രതയെന്തിന്.?

കാതോലിക്കാബാവാ തിരുമേനി ശീമയിൽ ആയിരിക്കുമ്പോൾ സമാധാനത്തിനുവേണ്ടി ഹോംസിൽവച്ച് മാർ അപ്രേം പാത്രിയക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൽ മാർ അബ്ദൽ മിശിഹാ ബാവായുടെ കുററങ്ങളും കുറവുകളും മാർ യൂലിയോസ് പറകയുണ്ടായി. അബ്ദൽ മിശിഹാ കുററക്കാരനാണെങ്കിൽ നിങ്ങൾ എന്തുകൊണ്ട് അദ്ദേഹത്തെ മുടക്കിയില്ല എന്ന് വി. കാതോലിക്കാബാവാ ചോദിച്ചപ്പോൾ മാർ യൂലിയോസ് പറഞ്ഞ മറുപടി ഭ്രാന്തനെ എന്തിനു മുടക്കുന്നു എന്നായിരുന്നു. മുടക്കിയിരുന്നെങ്കിൽ ശീമയിലെ സുന്നഹദോസ് അതു സമ്മതിക്കുമായിരുന്നില്ലേ? സാമാന്യമായ ഒരു കുററത്തിന് പാത്രിയക്കീസിനെ മുടക്കാവുന്നതാണോ?. "വിശ്വാസ വിപരീതം എന്ന ഏകകാരണത്താലല്ലാതെ പാത്രിയക്കീസിനെ മുടക്കുവാൻ ആർക്കും അധികാരമില്ല" എന്നാണ് പട്ടംകൊടയുടെ കാനോനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അബ്ദൽ മിശിഹാ പാത്രിയക്കീസ് ഒരു വിശ്വാസവിപരീതിയായിരുന്നു എന്ന് അദ്ദേഹത്തിന്റെ പരമ ശത്രുക്കൾപോലും പറയുന്നില്ല. ആ സ്ഥിതിക്ക് പരമാർത്ഥിയും പരിശുദ്ധനുമായ ആ പാത്രിയക്കീസിനു മുടക്കുണ്ടെന്നു പ്രചരണം നടത്തുന്നതു മഹാപാപമല്ലയോ?.

മാർ അബ്ദുള്ളാ പാത്രിയക്കീസ് മലങ്കരയിൽ ആയിരുന്ന അവസരത്തിൽ കണ്ടനാട്ടു പള്ളിയിൽ വച്ചു തുടിയൻ പൗലൂസ് എന്നയാൾ, അബ്ദൽ മിശിഹാ പാത്രിയക്കീസിനെ മുടക്കിയിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ മാർ അബ്ദുള്ളാ ബാവാതന്നെയും കല്പിച്ചതു് ആരും അദ്ദേഹത്തെ മുടക്കിയിട്ടില്ല ആർക്കും അതിന് അധികാരവുമില്ല എന്നായിരുന്നു. പിന്നീടൊരിക്കൽ അബ്ദുള്ളാ പാത്രിയക്കീസ് ബാവാ പഴയസിമ്മനാരിയുടെ രണ്ടാമത്തെ നിലയിലു പടിഞ്ഞാറേകെട്ടിൽ പടിഞ്ഞാറേ വരാന്തയിൽ ചാരുപടിയിന്മേൽ ഒരു പരവതാനി വിരിച്ച് അതിന്മേൽ ഇരിക്കയായിരുന്നു. കണ്ടനാട്ടു മെത്രാച്ചൻ എന്ന് അറിയപ്പെടുന്ന യൂയാക്കിം മാർ ഈവാനിയോസ് അന്നു റമ്പാനായിരുന്നു. അദ്ദേഹം മാർ ഒസ്താത്തിയോസിന്റെ അടുക്കൽ അബ്ദൽ മിശിഹാ പാത്രിയക്കീസിനെപ്പററി പലതും പറഞ്ഞതിന്റെ ശേഷം അദ്ദേഹം മുടക്കപ്പെട്ടിട്ടുണ്ടോ എന്ന് അബ്ദുള്ളാ ബാവായുടെ സന്നിധിയിൽ എത്തി ചോദിച്ചു. ബാവാ പറഞ്ഞതു് ആരാണ് അദ്ദേഹത്തെ മുടക്കിയതു്. പാത്രിയക്കീസിനെ മുടക്കാൻ ആർക്കാണ് അധികാരം? അദ്ദേഹത്തിന് യാതൊരു മുടക്കുമില്ല എന്നായിരുന്നു. വാദത്തിനുവേണ്ടി മുടക്കുണ്ടെന്നു സമ്മതിച്ചാൽ പോലും മുടക്കുകൊണ്ടു പട്ടത്വം പോകുമോ?. നെസ്തോറിയരുടെയും റോമൻ കത്തോലിക്കരുടെയും പട്ടത്വം നാം സ്വീകരിക്കുന്നില്ലയോ?. നെസ്തോറിന്റെയും തേവോദോറോസിന്റെയും വിശ്വാസവിപരീതത്തിൽനിന്നു തിരിഞ്ഞുവരുന്നവർ മാമ്മോദീസ്സാ മുങ്ങണ്ടാ എന്നും വീണ്ടും അഭിഷേകം ചെയ്യപ്പെടണ്ടാ എന്നും കാനോൻ അനുശാസിക്കുന്നു (ഹൂദായ കാനോൻ 2-ാം അദ്ധ്യായം 1-ാം പാസോക്കാ) എപ്പേസൂസ് സുന്നഹദോസിൽവച്ചു നെസ്തോറിനെയും കൂട്ടരെയുംമുടക്കിയതല്ലയോ?. "അംനെസ്റ്റോർലശീഹാനോ എസ്ർമെ". "(നെസ്തോറിനോടുകൂടി നരകത്തിൽ പോകട്ടെ.) എന്നാണ് നാം പറയുന്നതു്. അങ്ങനെയുള്ള നെസ്തോറിന്റെ പട്ടത്വം പോലും മുടക്കുകൊണ്ടു നഷ്ടപ്പെട്ടിട്ടില്ല. ഇരുസ്വഭാവവാദികളായ ലേയോനെയും കൂട്ടരേയും നമ്മുടെ സഭ ശപിക്കുന്നെങ്കിലും അവർ നമ്മിലേക്കു തിരിച്ചു വരുന്നപക്ഷം വീണ്ടും പട്ടംകൊടുത്തല്ല നാം സ്വീകരിക്കുന്നതു്. "ഇരുസ്വഭാവക്കാരുടെ വിശ്വാസവിപരീതങ്ങളിൽനിന്നു തിരിച്ചുവരുന്ന എപ്പിസ്കോപ്പന്മാരും കശ്ശീശ്ശന്മാരും ശെമ്മാശ്ശന്മാരും ര

ണ്ടാമതു പട്ടം കെട്ടപ്പെടുകയൊ മാമോദീസ്സാ മുക്കുകയോ വേണ്ടായെന്നും അവർ ഏതിൽനിന്നു തിരിച്ചു വന്നുവോ ആ വിശ്വാസവിപരീതങ്ങളെ ശപിച്ച് അനുതപിച്ചിട്ട് അവരുടെ സ്ഥാനങ്ങളിലും പദവികളിലും നിന്നു ശുശ്രൂഷിക്കണം" എന്നും കാനോൻ അനുശാസിക്കുന്നു. (കാനോൻ 7-ാം അദ്ധ്യായം 2-ാം പാസോക്കാ— മാബൂഗിന്റെ പീലക്സിനോസ്) "പരിശുദ്ധനായ കൂറിലോസിന്റെ മുടക്കിൻ കീഴിൽ ഇരിക്കുമ്പോൾ അഹങ്കരിച്ചു ശുശ്രൂഷിച്ചവരായ അന്ത്യോക്യായുടെ യൂഹാനോനെയും അദ്ദേഹത്തോടുകൂടി ഉണ്ടായിരുന്ന മുപ്പത്തിയാറ് എപ്പിസ്കോപ്പന്മാരെയും...വിശ്വാസവിപരീതത്തെ ശപിച്ചപ്പോൾ വി. കൂറിലോസ് സ്വീകരിച്ചു" (ടി കാനോൻ) ഇവിടെയെങ്ങും വീണ്ടും പട്ടം കൊടുത്തതായി കാണുന്നില്ല. മുടക്കുകൊണ്ടു പട്ടം പോകുമെന്നു ലോകത്തിൽ മറ്റുയാതൊരു സഭകളും പഠിപ്പിക്കുന്നില്ല. യാക്കോബായ സഭ അങ്ങനെ വിശ്വസിക്കുന്നുമില്ല. ആ നിലയ്ക്കു യാതൊരു മുടക്കും ഇല്ലാത്ത കാനോനിക പാത്രിയർക്കീസിൽനിന്നും സിദ്ധിച്ചിട്ടുള്ള പട്ടത്വം എത്രമാത്രം സംശയാതീതമാണെന്നു പ്രസ്താവിക്കേണ്ടതില്ലല്ലോ. വീണ്ടും പട്ടമേൽക്കേണ്ടാ ഒരു പ്രാർത്ഥനമാത്രംമതി എന്ന് ശഠിക്കുന്നവരുമുണ്ട്. പട്ടത്വമില്ലെങ്കിൽ ഈ പ്രാർത്ഥനകൊണ്ടു പട്ടത്വം ഉണ്ടാകുമൊ? പട്ടത്വമുണ്ടെങ്കിൽ ഈ പ്രാർത്ഥനയെന്തിന്? ഇതിന്റെയെല്ലാം ഉദ്ദേശമെന്താണ്.?

ചിങ്ങവനത്തുവച്ചു നടന്ന ആലോചനകൾക്കു തന്നെ നമ്മുടെ ഭാഗത്തെ തിരുമേനിമാർ എല്ലാവരും എഴുന്നെള്ളിയതു് അവർ കാതോലിക്കായും മെത്രാപ്പോലീത്തന്മാരും ആയതുകൊണ്ടാണ്. അവരുടെ സ്ഥാനസാധുത്വം അവിടെ ഒരു തക്കവിഷയമേ ആയിരുന്നില്ല. അബ്ദുൽമിശിഹാ പാത്രിയർക്കീസ് മുടക്കപ്പെട്ടു എന്ന് ഇന്ന് ഒരുനാവും പറകയില്ല. അപ്രകാരം സ്പഷ്ടവും സത്യവുമായ ഈ വസ്തുതയെ അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപനം ചെയ്യുന്നതിന് എന്തുകൊണ്ട് ഇപ്പോഴത്തെ പാത്രിയർക്കീസ് മടിക്കുന്നു? ഈ പരമാർത്ഥം സംശയാതീതമാംവണ്ണം ഇവിടുത്തെ പാത്രിയർക്കീസ് പക്ഷീയരെ ബോദ്ധ്യപ്പെടുത്താത്തതു സത്യത്തിന്റെ നേരെ ഒരു വെല്ലുവിളിയല്ലയോ? വീണ്ടും പട്ടമേൽക്കത്തക്കവണ്ണം തങ്ങളുടെ പട്ടത്വത്തെപ്പറ്റി സംശയിക്കുന്നവരല്ല കാതോലിക്കാ ഭാഗത്തുള്ള മേല്പട്ടക്കാർ. റോമാസഭ തുടങ്ങി ലോകത്തിലുള്ള ഇതരക്രൈസ്തവ സഭകളെല്ലാം അവരുടെ പട്ടത്വത്തെ ഹൃദയപൂർവ്വം സ്വീകരിക്കുന്നു. പിന്നെയെന്തിന് ഈ പരമാർത്ഥത്തിന്റെ നേരെ കണ്ണു പൂട്ടിയിരിക്കുന്നു.

ചിരസ്മരണാർഹനായ ആ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ—മോറാൻ മാർ അബ്ദുൽമശിഹാ ബാവായുടെ— മഹനീയമായ സാന്നിദ്ധ്യത്തിലും സഹകരണത്തോടുകൂടിയും ഇവിടെ പുനഃസ്ഥാപിക്കപ്പെട്ട കാതോലിക്കാസിംഹാസനം അതിന്റെ കാനോനികമായ നിലയിൽ നിന്നും നിപതിക്കണമെന്നു ആരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ അതു സഭാസ്നേഹം കൊണ്ടായിരിക്കണം എന്നു വിചാരിക്കാവുന്നതല്ല. കാതോലിക്കാ സ്ഥാപനം പാത്രിയർക്കാസ്ഥാപനം പോലെ തന്നെ അധികാരവും ചുമതലകളുമുള്ളതാണ്. അവ എന്താണെന്നു സഭയുടെ കാനോൻ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. സമാധാനത്തിനു വേണ്ടി ഈ കാനോൻ നിയമങ്ങളെ അവഗണിക്കുന്നതു യോഗ്യമോ? ഉള്ള അധികാരങ്ങൾ ഇല്ലെന്നു പറയുന്നതു ശരിയോ?

ഇന്നത്തെ വേറെ ഒരു തർക്കവിഷയം കാനോൻ ഏതാണെന്നുള്ളതാണ്? ചിങ്ങവനം വട്ടമേശ സമ്മേളനത്തിന്റെ പ്രാരംഭ ദിവസം തന്നെ, തങ്ങൾക്കു പട്ടത്വമുണ്ടോ, കാനോൻ ഏതു് ഈ രണ്ടു ചോദ്യങ്ങളാണു വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് എതിർകക്ഷി മെത്രാപ്പോലീത്തന്മാരോടു ചോദിച്ചത്. പട്ടത്വമില്ല എന്നു പറവാൻ ഒരുനാവും അവിടെയില്ലായിരുന്നു. ബാർ എബ്രായായുടെ കാനോൻ ഏതാണെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണ്. എന്നാൽ അന്ത്യോക്യാ പാത്രിയർക്കീസിന് ഇല്ലാത്ത ഒരു കാനോൻ അധികാരങ്ങൾ കല്പിച്ചും കൂട്ടിച്ചേർത്തും മററും കൃത്രിമമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതായി നമുക്കറിയാം. സഭയുടെ നിയമഗ്രന്ഥം മാനിക്കപ്പെടേണ്ടതല്ലയൊ? അതിനാൽ കാനോൻ ഏതാണെന്നും തുറന്ന ഹൃദയത്തോടുകൂടി തീരുമാനിക്കപ്പെടേണ്ടതു് സഭാസമാധാനത്തിന് അത്യാവശ്യമായിട്ടുള്ളതാകുന്നു. അതു തീർച്ചപ്പെട്ടാൽ പിന്നെ ആ നിയമത്തിന്റെ വെളിച്ചത്തിൽ കൂടി നമുക്ക് മുമ്പോട്ടുപോകാൻ കഴിയും. എന്തുകൊണ്ട് ആ പരമാർത്ഥം ഗോപനം ചെയ്യാൻ ശ്രമിക്കുന്നു?

മേല്പറഞ്ഞ കാര്യങ്ങൾ പരിഗണിക്കാതെ സഭാ സമാധാനം കൈവരുത്തുവാൻ ശ്രമിക്കുന്നതു് എത്രമാത്രം വിജയപ്രദമായിരിക്കും എന്നുള്ളതു കണ്ടറിയേണ്ടതാണ്.

ഈശോ ക്ഷതർ

(എം. സി. കുറിയാക്കോസു റമ്പാൻ)

ഇംഗ്ലീഷ് ഭാഷാ നിഘണ്ടുവിൽ സ്റ്റിഗ്മാററാ (Stig mata) എന്നും സ്റ്റിഗ്മാറ്റിസ്റ്റ് (Stigmatist) എന്നും രണ്ടു പദങ്ങൾ ഉണ്ടു്. സ്റ്റിഗ്മാററാ എന്ന പദത്തിന്റെ അർത്ഥം യേശുക്രിസ്തുവിന്റെ മുറിവു

സത്യത്തെ ബലിയർപ്പിച്ചുള്ള സമാധാനം സമാധാനമാകയില്ല. നമുക്കു് സത്യമായി ഇവിടെ ഒരു കാതോലിക്കാസ്ഥാപനമുണ്ടു്. അതിനെ ബലികഴിച്ചിട്ടു്— അതായതു് അതിന്റെ കാനാനികമായ അധികാരാവകാശങ്ങളെ പരിത്യജിച്ചിട്ടു്— ഒരു സമാധാനം ഉണ്ടാക്കാൻ ശ്രമിക്കുന്ന പരിശ്രമം ഒരിക്കലും വിജയപ്രദമാകുന്നതല്ല. സമാധാനത്തിനു വേണ്ടി ത്യാഗം സഹിക്കണം.- പലപ്പോഴും കേൾക്കാറുള്ള ഒരു പല്ലവിയാണിതു്. അതായതു് കാതോലിക്കാ സിംഹാസനം അതിന്റെ അധികാരാവകാശങ്ങളെ പരിത്യജിക്കണം എന്നു്. ഈ പരിത്യാഗം കൊണ്ടു സമാധാനം കൈവരുമൊ? 1923-ൽ മാർ ഗീവറുഗീസ് ദിവന്നാസ്യോസ് മെത്രാപ്പോലീത്താ, ശീമയിൽ എത്തി, അന്നത്തെ പാത്രിയർക്കീസായ മാർ ഏലിയാസ് തൃതീയനെ കാണുകയും, സമാധാനത്തിനുവേണ്ടി തന്റെ മുടക്കുതീർത്തും കൂടെയുള്ള മേൽപട്ടക്കാരെ സ്വീകരിച്ചും പ്രഖ്യാപനംചെയ്താൽ മതി ഇനി കാതോലിക്കായെ വാഴിക്കയില്ല എന്നുള്ള കരാറിൽ മാർ യൂലിയോസിനോടുകൂടി അദ്ദേഹം തിര്യെപോരുകയും ചെയ്തു. മുടക്കുതീർത്തും മേല്പട്ടക്കാരെ സ്വീകരിച്ചുമുള്ള കല്പന മാർ യൂലിയോസിന്റെ കൈയിൽ മാർ ഏലിയാസ് തൃതീയൻ കൊടുത്തയക്കുകയും അതു് തനിക്കുവേണ്ടി പ്രഖ്യാപനം ചെയ്‌വാൻ മാർ യൂലിയോസിനെ അധികാരപ്പെടുത്തുകയും ചെയ്തതാണു്. എങ്കിലും ആ കല്പന പ്രഖ്യാപനം ചെയ്യപ്പെടാഞ്ഞതിനാൽ സമാധാനം നടക്കാതിരിക്കയും 1925-ൽ കാതോലിക്കായെ വാഴിക്കയും ചെയ്തു. സമാധാനത്തെപ്രതി കാതോലിക്കാസ്ഥാപനം ഉപേക്ഷിച്ചുകൊള്ളാമെന്നു വിചാരിച്ചിട്ടുപോലും സമാധാനം കൈവന്നില്ല.

1941-ൽ ആലുവായിൽ സമ്മേളിച്ച വട്ടമേശ സമ്മേളനത്തിലും സമാധാനത്തിനുവേണ്ടി—മനസാക്ഷിപ്രകാരമല്ല സഭയുടെ സമാധാനത്തെ ഉദ്ദേശിച്ചുമാത്രം— ഒരു പ്രർത്ഥനനടത്തി സ്വീകരിക്കപ്പെടുന്നതിനു് ആലുവാ യൂണിയൻ കോളജിൽനിന്നു് വി. കാതോലിക്കാബാവാ തിരുമേനി തൃക്കുന്നത്തു സിമ്മനാരിയിൽ പോയതല്ലയോ? ആ നിർണ്ണായകനിമിഷത്തിലും ദൈവ തിരുഹിതപ്രകാരം സംഭവിക്കയല്ലയോ ചെയ്തതു്? സ്ഥാനത്തിലും അധികാരത്തിലും അന്ത്യോക്യാ പാത്രിയർക്കീസിനോടു തുല്യനായ പൗരസ്ത്യ കാതോലിക്കാ തന്റെ കാനോനികാധികാരങ്ങൾ പരിത്യജിച്ചു് ഒരുമെത്രാപ്പോലീത്തായുടെ സന്നിധിയിൽ, എത്തി അനധികൃതമായ ഒരു പ്രാർത്ഥനക്കു വശംവദനായിരുന്നെങ്കിൽ അതു കാതോലിക്കാസിംഹാസനത്തിന്റെ ചരിത്രത്തിൽ തീരാകളങ്കമായിരിക്കുമായിരുന്നു.? കാനോനികമായ കാതോലിക്കാസിംഹാസനം ചിങ്ങവനം വ്യവസ്ഥകളിൻപ്രകാരം ഒരു നാമമാത്ര കാതോലിക്കേററായിത്തീരാൻ പോയപ്പോഴും ദൈവം ഇതിനെ കാത്തുകൊണ്ടു്. ഇതിൽ നിന്നെല്ലാം എന്താണു് നാം മനസ്സിലാക്കേണ്ടതു്? കാതോലിക്കാ സിംഹാസനം ഇവിടെ സ്ഥാപിതമായതു് ദൈവതിരുഹിതപ്രകാരവും അതിനെ ബലിയർപ്പിക്കുന്നതു് അസാദ്ധ്യവും ആണെന്നല്ലയോ? സത്യത്തിന്റെ നേരേ കുതികാൽ ഉയർത്തുന്നതു പാപമാണു്.

നമ്മുടെ കർത്താവു് പരിത്യാഗത്തിന്റെ പരമോച്ചസ്ഥാനം നമുക്കു കാണിച്ചുതന്നു. സത്യത്തിനു സാക്ഷിനിൽക്കാൻ താൻവന്നു. താൻ വഴിയും സത്യവും ജീവനുമാകുന്നു എന്നു പ്രഖ്യാപിച്ചു. താൻ ദൈവത്തിന്റെ പുത്രൻ എന്നു പറഞ്ഞതാണു് യഹൂദന്മാർക്കു് സഹിക്കാൻ കഴിയാഞ്ഞതു്. അവരുമായി സമാധാനപ്പെടുന്നതിനുവേണ്ടി താൻ അകന്നതു് അല്ല എന്നു പറയത്തക്കവണ്ണമുള്ള ഒരു പരിത്യാഗബുദ്ധി താൻ കാണിച്ചില്ല. എന്തുകൊണ്ടു്? താൻ സത്യം ആകകൊണ്ടു്. പീലാത്തോസിന്റെ മുമ്പിലും താൻ ദൈവപുത്രനാണെന്നു പ്രസ്താവിച്ചു. അവർ തന്നെ പിടിച്ചു പീഡകളേല്പിച്ചു ക്രൂശിന്മേൽ തറച്ചുകൊന്നു കബറിൽവച്ചു. മുദ്രയുംവച്ചു. അവൻ തീർന്നു എന്നു് അവർ സമാധാനിച്ചു. അവർക്കു് ഒരു സമാധാനം ഉണ്ടായി! സമാധാനം!! എന്നിട്ടു് എന്തു ഭവിച്ചു?. മൂന്നു ദിവസം തികച്ചു് ഈ സമാധാനം നിലനിന്നില്ല. ആ സത്യം കല്ലറയെ തകർത്തു് വിജയശ്രീയോടുകൂടി ഉത്ഥാനം ചെയ്തു. അതിനാൽ സത്യത്തെ ഗോപനം ചെയ്തു സമാധാനം ഉണ്ടാക്കാം എന്നു് ആരും വ്യാമോഹിച്ചുപോകണ്ടാ. സത്യത്തിൽ കൂടിനമുക്കു സമാധാനത്തിലേക്കു പ്രയാണം ചെയ്യാം. അങ്ങനെ ചെയ്യുമെങ്കിൽ നമ്മുടെ ലക്ഷ്യം വിദൂരമായിരിക്കയില്ല.

കൾ എന്നും, സ്റ്റിഗ്മാററിസ്റ്റ് എന്ന പദത്തിൻെറ അൎത്ഥം യേശുക്രിസ്തുവിൻെറ മുറിവുകൾ പ്രകൃതാതീതമായി ശരീരത്തിൽ വഹിക്കുന്ന ആൾ എന്നും ആകുന്നു. നിംലണ്ഡുവിൽ ഈ പദങ്ങൾ ഉള്ളതുതന്നെ അങ്ങനെയുള്ളവർ ലോകത്തിൽ ഉണ്ടായിട്ടുണ്ട് എന്നതിനു തെളിവാകുന്നു. സ്റ്റിഗ്മാററാ എന്ന ഇംഗ്ലിഷ് പദത്തിനു ഈശോക്ഷതങ്ങൾ എന്നും സ്റ്റിഗ്മാററിസ്റ്റ് എന്നതിനു ഈശോക്ഷത എന്നോ ഈശോക്ഷതൻ എന്നൊ സ്ത്രീപുരുഷഭേദമനുസരിച്ചും പറയാവുന്നതത്രെ.

പതിമൂന്നാം നൂററാണ്ടുവരെ ഇശോക്ഷതങ്ങൾ ആൎക്കും സംഭവിച്ചതായി അറിവില്ല. എന്നാൽ അതിനുശേഷം ഇന്നുവരെ 42 പുരുഷന്മാൎക്കും 281 സ്ത്രീകൾക്കും—അങ്ങനെ ആകെ 323 പേൎക്ക് —തിരുമുറിവുകൾ ഉണ്ടായിട്ടുള്ളതായി കാതോലിക്ക് എൻസൈക്ലോപീഡിയാ എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. യേശുമിശിഹായുടെ തിരുമുറിവുകൾക്ക് അനുരൂപമായി ശിരസ്സിനു ചുററം, കൈപ്പത്തികളിലും, പാദങ്ങളിലും, വിലവിലും പ്രകൃതാതീതമായി വ്രണങ്ങൾ ഉണ്ടായിട്ടുള്ളവരത്രെ പൂൎണ്ണ ഈശോക്ഷതൎന്നർ. എന്നാൽ മേൽപറഞ്ഞ 323 പേൎക്കും അപ്രകാരമുള്ള എല്ലാ മുറിവുകളും ഇല്ലായിരുന്നു. പരിപൂൎണ്ണമായ തിരുമുറിവുകൾ 27 പേൎക്കു മാത്രമേ ഉണ്ടായിട്ടുള്ളു. അപ്രകാരം ആദ്യമായി സംഭവിച്ചതു അസ്സീസിലെ ഫ്റാൻസീസ് എന്ന പുണ്യവാനും, ഏററവും അടുത്തകാലത്തു സംഭവിച്ചതു തെറെസാന്യൂമൻ എന്നൊരു സിസ്റ്ററിനും ആയിരുന്നു. ആ സിസ്റ്റർ 19 വൎഷത്തോളം തിരുമുറികൾ വഹിച്ചിരുന്നു. വിശുദ്ധ കുർബ്ബാനയല്ലാതെ യാതൊന്നും അവർ ഭക്ഷിച്ചിരുന്നുമില്ല.

പത്തൊമ്പതാം ശതാബ്ദത്തിൽതന്നെ 27 ഈശോക്ഷതർ ജീവിച്ചിരുന്നിട്ടുണ്ട്. അവരിൽ ടൈറോൾ എന്നൊരു ദേശക്കാരിയായിരുന്ന മേറിഡിമീറൽ എന്ന തിരുമുറിവാളി പ്രത്യേക പ്രസ്താവന അൎഹിക്കുന്നു. ഇരുപതാമത്തെ വയസ്സിൽ അവൎക്കു തിരുമുറിവുകൾ ഉണ്ടായി. അവർ ആഴ്ചതോറും വിശുദ്ധ കുർബ്ബാന അനുഭവിക്കുകയും ഒന്നിടവിട്ട ദിവസങ്ങളിൽ ഓരോ ഗ്ലാസ്സു വെള്ളം കുടിക്കുകയും ചെയ്തുവന്നു. മററു യാതൊരു ഭക്ഷണവും അവർ കഴിച്ചിരുന്നില്ല. അവൎക്കു ഉറക്കം ഇല്ലായിരുന്നു. രാത്രിസമയം അവർ പ്രാൎത്ഥനയിലും ധ്യാനത്തിലും മുഴുകിയിരുന്നു. 1868-ാമാണ്ട് 56-ാമത്തെ വയസ്സിലത്രെ അവർ മരിച്ചതു്. മുപ്പത്താറു വൎഷം അവർ ഒരു ഈശോക്ഷത ആയിരുന്നു.

ഈശോക്ഷതങ്ങൾക്കു തദനുസരണമായ തീക്ഷ്ണവേദന ഉണ്ട്. നൊമ്പരവും കഷ്ടതയും തിരുമുറിവുകളുടെ ഒരു ഭാഗം തന്നെ ആകുന്നു. വേദനയില്ലെങ്കിൽ ആ വ്രണങ്ങൾ ആത്മനിഗ്രഹം ഉദ്ദീപിപ്പിക്കുന്ന കേവലം പ്രകടനങ്ങൾ മാത്രമേ ആയിരിക്കയുള്ളു. എന്നാൽ വേദനയും കഷ്ടപ്പാടുകളും ഈശോക്ഷതരെ അടിപ്പെടുത്തി വിനയാത്മാവിനെ അവരിൽ സംരക്ഷിക്കുന്നു. ഈശോക്ഷതരുടെ ജീവിതം വേദനനിറഞ്ഞതും ദുഃഖസംപൂൎണ്ണവുമത്രെ. മരണംവരെ അവ തുടൎന്നുകൊണ്ടിരിക്കുകയും ചെയ്യും. അവർ പലപ്പോഴും ദിവ്യദൎശനങ്ങൾ ദൎശിക്കുന്നു. അവരുടെ ഒരാശ്വാസവും അതുതന്നെ ആകുന്നു.

ഈശോക്ഷതങ്ങൾ—അഥവാ തിരുമുറിവുകൾ ഒരു പ്രത്യേക ദൈവകൃപ ആകുന്നു എന്നത്രെ റോമ്മാസഭയുടെ അഭിപ്രായം. (മേല്പറഞ്ഞ ഈശോക്ഷതരൊക്കെയും ആ സഭയുടെ അംഗങ്ങൾ ആയിരുന്നു.) ക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങളിലും വേദനകളിലും ഭാഗഭാക്കാകുന്നതിനു് ആ കൃപാമൂലം അവൎക്കു കഴിയുന്നു. നാം രക്ഷപ്രാപിക്കേണ്ടതിനു നമുക്കുവേണ്ടി ജീവനെ വച്ച സ്നേഹസമ്പൂൎണ്ണനായ യേശുവിനോടുള്ള ആഴമായ സ്നേഹവും, യേശുവിൻെറ പീഡാനുഭവങ്ങളിൽ അവനോടുള്ള ഉള്ളഴിഞ്ഞ സഹതാപവുമത്രെ ഈ ദിവ്യകൃപയ്ക്കു് നിദാനമായി സാധാരണ നില്ക്കുന്നതു്. പ്രസ്തുതകൃപാപ്രവൎത്തനത്തിൻെറ ഫലമായി ക്രിസ്ത്യാനികളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും ക്രിസ്ത്യേതരൎക്കു ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതിനും അവൎക്കു സാധിക്കുന്നു. ആ കൃപാപ്രദാനത്തിൻെറ പ്രധാന ഉദ്ദേശവും അതുതന്നെ ആയിരിക്കാം.

ഓരോ കാരണത്താൽ മനുഷ്യശരീരത്തിൽ ഉണ്ടാകുന്ന വ്രണങ്ങളെ അപേക്ഷിച്ച് തിരുമുറിവുകൾക്ക് ചില പ്രത്യേകതകൾ ഉണ്ട്. വ്രണങ്ങൾക്കുള്ള അസുഖവാട അവയ്ക്കില്ല. അവ സൗഖ്യമാക്കുവാൻ യാതൊരു ഡോക്ടൎക്കും സാധിച്ചിട്ടില്ല. സാധാരണയായി വെള്ളിയാഴ്ചതോറും ഗത്സീമോൻ വ്യഥയ്ക്കു തുല്യമായ അതിതീക്ഷ്ണമായ വേദനയോടെ അവ സ്വയം തുറക്കുകയും അവയിൽ നിന്നു രക്തം പൊടിക്കുകയും ചെയ്യുന്നു. തന്മൂലം ആ മുറിവുകൾ എന്നും പുതുതായി സ്ഥിതി ചെയ്യുന്നു. ചുരുക്കം ചില ഇശോക്ഷതരുടെ രക്തത്തിനു പരിമളവാസന ഉണ്ടുതാനും.

എന്തിന്?

(സി. ജോസഫ്, അമയന്നൂർ)

(ഓമനക്കുട്ടൻ......)

എന്തിനീവിധം ശണ്ഠയിട്ടു നാം
ഹന്ത! ഭിന്നിച്ചു നിൽക്കണം?
എന്തിനാണു നാം പാഴിലീവാശി-
കൊണ്ടു കൊണ്ടു ഗമിപ്പതു്?

ഇന്നിവിടെ സ്വതന്ത്രമായ് നിൽപ്പാൻ
നമ്മളാൽ കഴിവില്ലയോ?
ഇന്നു, കൈകോർത്തു ശാന്തിസുന്ദര-
മാക്കരുതോ, "മലങ്കര?"
ദിവ്യനാകും "മാർതോമ്മശ്ലീഹ"തൻ
പൊന്നലർച്ചേവടികളാൽ
ഹാ! പരിപൂതമായൊരീരമ്യ
ഭൂവിടം പരതന്ത്രയോ?
ഹാ! സ്വതന്ത്രയായ് നില്ക്കുവാനവൾ-
ക്കിന്നിയും കഴിവില്ലയോ?...

ഈ "മലങ്കര"വാസികൾ-നമ്മ-
ളേറം സ്വാതന്ത്ര്യചിന്തകർ
ഇപ്പൊഴും പരദേശശക്തി വി-
ധേയരായി വസിക്കുയോ?
എന്തിനിയുമന്യോന്യതൻനുക-
ക്കീഴിലായ് നിന്നുഴൽകയോ?
എന്നുമീബന്ധനത്തിൽ തന്നെ കി-
ടക്കവാൻ നാം ശ്രമിക്കുയോ?
പോരുമിച്ചിന്ത സോദരർ, നമു-
ക്കോത്തുചേർന്നിടാം തെല്ലിട........

ഇന്നനേകശതാബ്ദമായ് പര-
തന്ത്രതയാൽ വലഞ്ഞൊരു
'ഭാരതാംബ,' വിദേശശക്തിതൻ
കീഴിൽ നിന്നു വിമുക്തയായ്!!

റോമ്മാസഭയ്ക്കു വെളിയിൽ ഇദംപ്രഥമമായി ഉണ്ടായിട്ടുള്ള ഈശോക്ഷതയത്രെ നിരണം-വളഞ്ഞവട്ടത്തു തൈക്കടവിൽ ശ്രീമതി സൂസാൻ കുരുവിള. കാതോലിക്ക എൻസൈക്ലോപീഡിയാ എന്ന പ്രസിദ്ധഗ്രന്ഥത്തിൽ നിന്നും സംക്ഷേപിച്ചിട്ടുള്ള മേൽപ്രസ്താവിച്ച വസ്തുതകളുടെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ ആ സഹോദരിയിലെ വ്യാപാരങ്ങൾ അത്ഭുതപൂർവ്വമോ അസംഭവ്യങ്ങളോ അല്ലെന്നു കാണാവുന്നതത്രെ. എന്തെന്നാൽ അപ്രകാരമുള്ള 323 ആളുകൾ ക്രൈസ്തവസഭയിൽ കഴിഞ്ഞ എഴുനൂറു വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുണ്ട്. സൂസാൻ 324-ാമത്തെ ഒരുമാത്രമാണ്. കൈപ്പത്തികളിലും പാദങ്ങളിലും വിലാവിലും ശിരസ്സിലും പ്രകൃതാതീത മുറിവുകൾ വഹിക്കുന്നതിനാൽ സൂസാൻ ഒരു സമ്പൂർണ്ണ ഈശോക്ഷത ആകുന്നു. റോമ്മാസഭയിൽ ഉണ്ടായിട്ടുള്ള യാതൊരു ഈശോക്ഷതരെയും ആ സഭ ദ്വേഷിക്കുകയോ ഹസിക്കുകയോ ചെയ്തിട്ടില്ല: പ്രത്യുത സ്തുതിക്കുകയും ആദരിക്കുകയും അത്രെ ചെയ്തിട്ടുള്ളതു്. ആ വ്യാപാരങ്ങളെ അവർ ദിവ്യമായി കരുതുകയും അവ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ കഷ്ടപ്പെടുന്നതിനുള്ള ഒരു പ്രത്യേക ദൈവകൃപ ആണെന്നു അവർ തലകുനിച്ചു സമ്മതിക്കുകയും ചെയ്യുന്നു. മലങ്കരസഭയിൽ ഈ പ്രത്യേകകൃപ പ്രദാനം ചെയ്യപ്പെട്ടിട്ടുള്ള സൂസാനും ഏവംവിധമുള്ള അംഗീകരണം അർഹിക്കുന്നില്ലയൊ?

സുസമ്മതനായ ഡോക്ടർ സോമർവെൽ ഒരിക്കൽ തൈക്കടവിൽ ചെന്ന് ആ സഹോദരിയെ പരിശോധിച്ച ശേഷം അഭിപ്രായപ്പെട്ടതു് "ഈ വ്യാപാരങ്ങൾ എന്തെന്നു ദൈവത്തിനു മാത്രമെ അറിയാവു: ഇവ ഡോക്ടറന്മാരായ ഞങ്ങളുടെ വൈദ്യശാസ്ത്രത്തിൽ ഉൾപ്പെടുന്നില്ല" എന്നായിരുന്നു.

പന്ത്രണ്ടാമത്തെ വയസ്സിൽ 1939-മാണ്ട് ദൈവവിളിപ്രകാരം നിത്യകന്യകാവ്രതത്തിനു സ്വയം പ്രതിഷ്ഠിച്ചും, 1941 മുതൽ 1945 വരെ ദുഃഖവെള്ളിയാഴ്ച തോറും അതിനെ തുടർന്നു സ്ഥിരമായും, ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ പരിമള മുറിവുകൾ ശരീരത്തിൽ വഹിച്ചും, 1945 മുതൽ ഞായറാഴ്ച തോറും വിശുദ്ധ കുർബാനയല്ലാതെ യാതൊരു ഭക്ഷണവും കഴിക്കാതെയും, ദിവ്യദർശന സംഭാഷണ സൗഭാഗ്യം ക്രമമായി ആസ്വദിച്ചും, ദൈവകൃപയിൻകീഴ് വിസ്മയകരമായി ജീവിച്ചുവരുന്ന സൂസാൻ—റോമ്മാസഭയ്ക്കു അതിന്റെ ഈശോക്ഷതർ എന്ന പ്രകാരം—നമ്മുടെ സഭയ്ക്കു ഒരു ഭൂഷണമായി നില്ക്കുവാൻ സംഗതിയാകട്ടെ.

മാർ ബഹനാൻസഹദാ

(ഫാദർ കെ. കെ. പുന്നൂസ്)

വിഗ്രഹാരാധനയാൽ അന്ധകാരജഡിലമായ ജീവിതത്തിൽ ആണ്ടുകിടക്കവെ, ദൈവവിളിയാൽ യേശുക്രിസ്തുവിങ്കലേക്ക തിരിഞ്ഞു് ആ അരുമനാഥനോടുള്ള സ്നേഹത്തെ പ്രതി മാതാപിതാക്കളെയും, രാജ്യത്തെയും രാജാധികാരത്തെയും ദൂരത്തെറിഞ്ഞു് രക്തസാക്ഷിമരണം വരിച്ച ഒരു പൗരസ്ത്യരാജകുമാരനത്രെ ബഹനാൻ. നമ്മുടെ പൗരസ്ത്യ ഓർത്തഡോക്സ് സഭയിലെ ഒരു സഹദായെന്ന നിലയിൽ മാർ ബഹനാനെ നാം അറിഞ്ഞിരിക്കേണ്ടതാണ്. ഈ പരിശുദ്ധ സഹദായുടെ നാമത്തിൽ നമ്മുടെ സഭയിൽ പല പള്ളികൾ സ്ഥാപിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ നാം സങ്കേതപ്പെടുന്നതും നമ്മുടെ സഭ കിഴക്കിന്റെ കാതോലിക്കായുടെ അധികാര സീമയിൽ ആയിരുന്നു എന്നതിന് ഒരു തെളിവും കൂടിയത്രെ.

ക്രിസ്താബ്ദം നാലാം നൂററാണ്ടിൽ പേഷ്യാ രാജ്യത്തു് അസ്സൂറിയാ നാട്ടിൽ സെൻഹറീബ് എന്നൊരു രാജാവ് ഭരിച്ചിരുന്നു. വിഗ്രഹാരാധകനും ക്രിസ്തുമതദ്വേഷിയും, ദുഷ്ടനും, ക്രിസ്തുമത മർദ്ദകനുമായ ആ രാജാവിന്റെ അനന്തരാവകാശിയായ പുത്രനായിരുന്നു ബഹനാൻ. ബഹനാന്റെ സഹോദരിയായി സാറാ എന്നൊരു പുത്രിയും രാജാവിനുണ്ടായിരുന്നു. രാജകുടുംബാംഗങ്ങളുടെ രാജോചിതമായ സുഖജീവിതാന്തരീക്ഷത്തിൽ മ്ളാനത പരത്തുന്ന ധൂമകേതുവായ ഒരു ഒഴിയാബാധ സാറായെ പിടികൂടിയിരുന്നു. നിത്യരോഗിണിയായ അവൾക്ക് സൗഖ്യം നൽകുവാൻ രാജാവിന്റെ കുലദൈവങ്ങളായ ദേവന്മാർക്കോ വൈദ്യശാസ്ത്രവിശാരദന്മാർക്കോ സാധിച്ചിരുന്നില്ല. ഒരു രാത്രി സാറാ അതിവേദനയിൽ ആയപ്പോൾ ബഹനാൻ അവളുടെ സമീപമിരുന്ന് അവൾക്കു ശുശ്രൂഷ ചെയ്തതിനു ശേഷം തപ്തഹൃദയനായി ശയനമുറിയിലേക്ക പോയി. ആ രാത്രിയിൽ കുമാരൻ ഒരു സ്വപ്നം കണ്ടു. അടുത്ത ദിവസം തന്നെ നായാട്ടിനായി വനത്തിലേക്ക പോകണമെന്ന് ആരോ തന്നോടു പറഞ്ഞതായി കുമാരനു തോന്നി. അതനുസരിച്ച് അടുത്ത ദിവസം തന്നെ നായാട്ടിനായി അദ്ദേഹം വനത്തിലേക്ക തിരിച്ചു. മദ്ധ്യാഹ്നമായപ്പോൾ വന്യമൃഗ സങ്കേതമായ ഒരു വനവിഭാഗത്തിലെത്തി. വിശ്രമാനന്തരം മൃഗയാവിനോദത്തിനു പുറപ്പെട്ടു. ആദ്യമായി കണ്ടെത്തിയതു് ഒരു കാട്ടാടിനെ ആയിരുന്നു. പ്രഥമ ദൃഷ്ടിയിൽ പെട്ട ആ ജന്തുവിനെ വിട്ടുകളയുന്നതു ശുഭമല്ലെന്നു കരുതിയ കുമാരൻ അതിനെ അനുധാവനം ചെയ്തു. ജീവരക്ഷാർത്ഥം ബഹുദൂരം ഓടി ആ കാട്ടാട് കുമാരന്റെ ദൃഷ്ടിയിൽ നിന്നും അപ്രത്യക്ഷമായി. അപ്പോഴേയ്ക്കും നേരം സന്ധ്യയായതിനാൽ ആ രാത്രി വനമദ്ധ്യത്തിൽ തന്നെ കഴിച്ചുകൂട്ടുവാൻ ബഹനാൻ നിശ്ചയിച്ചു. അർദ്ധരാത്രിയിൽ വലിയൊരു പ്രകാശം കുമാരന്റെ സമീപം കാണപ്പെട്ടു. അതിന്റെ മദ്ധ്യത്തിൽ അതികോമളനായ ഒരു സുഭഗസ്വരൂപൻ നില്ക്കുന്നു. ബഹനാൻ പരിഭ്രമിച്ചു. ഇതികർത്തവ്യതാമൂഢനായി. അപ്പോൾ ആ തേജഃപുഞ്ജം കുമാരനോട് ഇപ്രകാരം മഞ്ജുഭാഷണം ചെയ്തു. "ബഹനാനേ നീ പരിഭ്രമിക്കേണ്ട. ഞാൻ ദൈവദൂതനത്രെ. അടുത്ത മലയിൽ മത്തായി എന്നൊരു ദയറായക്കാരൻ താമസിക്കുന്നു. നീ ആ ഭക്തന്റെ അടുക്കൽ ചെല്ലുക. നിത്യജീവന്റെ മാർഗ്ഗങ്ങൾ അവൻ നിന്നോ

ബന്ധനം വെടിഞ്ഞംബിക, പരി-
ശുദ്ധയായ്, പരിതുഷ്ടയായ്....
ഈദൃശമീമലങ്കരയുമ്മ-
യത്തണം നമുക്കിക്ഷണം!
ഈദൃശമീമലങ്കരയും വി-
ടത്തണം നമുക്കിക്ഷണം!
ശണ്ഠകൈവിട്ടു ശാന്തിയാഞ്ജിച്ചു
കാന്തിചിന്തിഗ്ഗമിച്ചിടാം!!...

എന്തിനീവിധം ശണ്ഠയിട്ടുനാം
ഹന്ത! ഭിന്നിച്ചു നിൽക്കണം?...

ഒത്തുചേർന്നു നമുക്കൊരു നവ്യ
സൽപ്പഥമാരചിച്ചിടാം!!...
ഈ "മലങ്കര" ഭൂവിലുന്നത-
മായിയെന്നും വിലസട്ടേ!!

ടുപദേശിക്കം." ഇത്രയും പറഞ്ഞശേഷം ദൂതൻ അപ്രത്യക്ഷനായി. നിശയുടെ ശിഷ്ടയാമങ്ങളെ കുമാരൻ ചിന്താഗ്രസ്തനായി കഴിച്ചുകൂട്ടി. അടുത്ത പ്രഭാതത്തിൽ തന്നെ ബഹനാൻ വി: മത്തായിയുടെ ദയറായിലെത്തി. ആ അശ്രമപരിസരം തന്നെ ഒരു നവ്യഭൂത് മൂകഭാഷയിൽ നല്കുന്നതായി കുമാരനു തോന്നി. പരിശുദ്ധമായ ഒരന്തരീക്ഷം, ശാന്തിനികേതമായ ഒരു ആശ്രമം. ദൈവിക ചൈതന്യം തുളുമ്പുന്ന ഒരു ഭക്താഗ്രേസരൻ— ഇതെല്ലാം ബഹനാൻെറ മാനസസരസ്സിൽ ചില ചെറുകല്ലോലങ്ങൾ ഉളവാക്കി. വി. മത്തായി ബഹനാനുമായി മുറപോലെ കുശലപ്രശ്നങ്ങൾ നടത്തി. ബഹനാൻ തലേരാത്രിയിൽ തനിക്കുണ്ടായ അനുഭവവും തൻെറ ആഗമനോദ്ദേശവും മത്തായിയെ അറിയിച്ചു. അതിൽ സന്തുഷ്ടനായ ദയറായക്കാരൻ ദൈവതിരുനാമത്തെ മഹത്വപ്പെടുത്തിയും കൊണ്ട് ലോകരക്ഷകനായ മിശിഹായെക്കുറിച്ചു ബഹനാനോട് സുവിശേഷിച്ചു. ആ ദിവ്യോപദേശ ശ്രവണത്തിൽ ഒരു ദിവ്യാനുഭൂതി ലഭ്യമായതുപോലെ കുമാരനുതോന്നി. ബഹനാൻ ക്രിസ്തുവിൽ വിശ്വസിച്ച് ക്രിസ്ത്യാനിയായി. വി. മത്തായിയുടെ എരിവേറിയ പ്രാത്ഥന അനേകം രോഗികൾക്കു സൗഖ്യലബ്ധിക്കു നിദാനമാകുന്നുണ്ടെന്നു കുമാരൻ ഗ്രഹിച്ചു. കൊട്ടാരത്തിൽ വന്ന് തൻെറ സഹോദരിക്കുവേണ്ടി പ്രാത്ഥിക്കണമെന്ന് കുമാരൻ വി. മത്തായിയോടപേക്ഷിച്ചു. അതനുസരിച്ച് വി. മത്തായിയും ബഹനാനോടൊന്നിച്ച് കൊട്ടാരത്തിലേക്കു യാത്രയായി.

സ്വപിതാവിനെക്കുറിച്ചുള്ള ഭയംമൂലം ബഹനാൻ മത്തായിയെ കൊട്ടാരത്തിലേക്കു നേരിട്ടുകൂട്ടിക്കൊണ്ടുപോകാതെ വേറൊരിടത്തു് പാർപ്പിച്ചിട്ട് സഹോദരിയെ അവിടേക്കു കൊണ്ടുചെന്നു. വിശുദ്ധൻ അവൾക്കുവേണ്ടി പ്രാത്ഥിച്ചു. അത്ഭുതകരമാംവണ്ണം സാറാ സൗഖ്യം പ്രാപിച്ചു. ആ രാജകന്യകയും വിഗ്രഹാരാധനയെ ത്യജിച്ച് ക്രിസ്തുമതം സ്വീകരിച്ചു. അനന്തരം വിശുദ്ധൻ ആശ്രമത്തിലേക്കും കുമാരീകുമാരന്മാർ കൊട്ടാരത്തിലേക്കും മടങ്ങി. കുമാരിയുടെ പെട്ടെന്നുള്ള സൗഖ്യത്തിൽ രാജാവ് അത്ഭുതപ്പെട്ടു. വിവരങ്ങളൊക്കെ രാജാവ് വിശദമായി മകളോട് ചോദിച്ചു. യേശുക്രിസ്തുവിൻെറ കാരുണ്യാതിരേകത്താൽ തനിക്കു സുഖം കിട്ടിയെന്നും താനും സഹോദരനും ക്രിസ്തുമതം സ്വീകരിച്ചു കഴിഞ്ഞെന്നും സാറാ ബോധിപ്പിച്ചു. ഈ വാത്ത രാജാവിനെ ദുഃഖാത്തനാക്കിത്തീത്തു. രാജാവ് ബഹനാനെയും വരുത്തി. മക്കൾ ക്രിസ്തുമതം ഉപേക്ഷിച്ചു പൂവ്വമതം സ്വീകരിക്കണമെന്നു ഗുണദോഷിച്ചു. അവർ സമ്മതിച്ചില്ല. നിർബന്ധിച്ചു, ശകാരിച്ചു. ചതുരുപായങ്ങളും പ്രയോഗിച്ചു. പക്ഷെ ക്രിസ്തുവിൻെറ സ്നേഹത്തിൽ നിന്ന് ആ പുതുഭക്തരെ ഇളക്കാൻ അതൊന്നും പര്യാപ്തമായില്ല. രാജാവു വിഷമിച്ചു. മക്കളോടുള്ള സ്നേഹം ഒരുവശത്ത്. പൂവ്വമതത്തോടുള്ള മമത മറുവശത്ത്. അടുത്തുവരുന്ന ഉത്സവത്തിനു ക്ഷേത്രത്തിൽപോയി ദേവാർച്ചന നടത്തിക്കൊള്ളണമെന്ന് രാജാവ് മക്കൾക്കു അന്ത്യശാസനം നല്കി. ഉത്സവം ആഗതമായി. വിഗ്രഹപ്രിയരായ ജനതതി ക്ഷേത്രസന്നിധിയിൽ തടിച്ചുകൂടി. കുമാരനും കുമാരിയും ദേവാർച്ച നടത്തുമൊ എന്നുള്ള ഉൽക്കണ്ഠയോടെ രാജാവു കാത്തിരുന്നു. ജീവനുള്ള ദൈവത്തെ കണ്ടെത്തിയ ആ ഭാഗ്യശാലികൾ നിർജ്ജീവികളായ വിഗ്രഹത്തിൻെറ അടുക്കൽ എന്തിനു ഹാജരാകണം! മക്കൾ തൻെറ അന്ത്യശാസനത്തെയും നിരസിച്ചു എന്നറിഞ്ഞ രാജാവ് അവരുടെ ശിരഛേദനത്തിന് ആജ്ഞനൽകി. വിവരമറിഞ്ഞ് ബഹനാനും സാറായും വി. മത്തായിയുടെ ദയറായിലേക്ക് ഓടി. രാജകിങ്കരന്മാർ അവരെ പിന്തുടന്നു. ഒരു വനപ്രദേശത്തു വച്ച് അവർ അവരെ കണ്ടെത്തി. മരണം സമീപിച്ചു എന്നറിഞ്ഞ കുമാരനും കുമാരിയും കിട്ടിയ സ്വല്പസമയം പ്രാത്ഥനയിൽ മുഴുകി. ഒരു നിമിഷത്തിനുള്ളിൽ അവരുടെ ശിരസ്സുകൾ ആ രാജകിങ്കരന്മാർ വെട്ടി നിലം പതിപ്പിച്ചു. രാജശാസനമനുസരിച്ച് മൃതദേഹങ്ങൾ ദഹിപ്പിക്കുവാൻ അവർ ചിതയിൽ വച്ചു. പക്ഷെ ദഹിപ്പിക്കുന്നതിനു മുൻപ് ഭൂമി പിളന്ന് ആ മൃതശരീരങ്ങൾ മണ്ണിൽ മറഞ്ഞു. ഈ അത്ഭുത വാത്ത രാജാവിനെ ചിന്താമഗ്നനാക്കി.

മാസങ്ങൾ പലതു കഴിഞ്ഞു. രാജാവ് ഒരു കഠിന രോഗം പിടിപ്പെട്ട് അവശനായി. ഔഷധങ്ങളൊന്നും ഫലിച്ചില്ല. അങ്ങനെയിരിക്കെ രാജ്ഞിക്ക് ഒരു ദശനമുണ്ടായി. ബഹനാനെയും സാറായെയും സംസ്കരിച്ച സ്ഥലത്തുപോയി പ്രാത്ഥന നടത്തുകയും ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്താൽ രാജാവു് സ്വസ്ഥനാകുമെന്നായിരുന്നു ആ ദശന സാരം. അതനുസരിച്ച് അവർ ആ സ്ഥലത്തെത്തി ഒരു രാത്രി അവിടെ വിശ്രമിച്ചു. ആ രാത്രിയിൽ ബഹനാൻ മഹത്വപൂണ്ണനായി രാജ്ഞിക്കു പ്രത്യക്ഷപ്പെട്ടു. വി. മത്തായിയെ വരുത്തി ദിവ്യോപദേശം സ്വീകരിച്ച് ക്രിസ്ത്യാനികളാകണമെന്നും രാ

ഒരു പാതിരിയുടെ കത്ത്

വേദപുസ്തകവായന

വേദപുസ്തകം വായിക്കുന്നതിനു സമയമുണ്ടാക്കാൻ നീ കഴിയുന്നതും ശ്രമിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. വളരെ അധികം ആളുകളുടെയും ജീവിതരീതിയിൽനിന്ന് വേദപുസ്തകവായന പുറം തള്ളപ്പെട്ടിരിക്കുന്നതിൽ ഞാൻ ഖേദിക്കുന്നു.

യേശുമിശിഹാ ഏതുതരത്തിലുള്ള ആളായിരുന്നു എന്ന് നിനക്ക് അറിയണമെങ്കിൽ അവിടുത്തെ ജീവിതകഥനവും ലേഖനങ്ങളുമാകുന്ന പുതിയ നിയമപുസ്തകം നീ വായിച്ചേ കഴിയൂ. അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ വിവിധവശങ്ങളെ കാണിക്കുന്നതായി നാലാളുകൾ അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതീട്ടുണ്ട്.

യേശുമിശിഹായുടെ ജീവചരിത്രത്തിൽ നീ മുഴുകണം. അദ്ദേഹത്തിന്റെ ചരിത്രം വായിച്ചുകൊണ്ടിരിക്കുമ്പോൾ സാധാരണ പുരുഷനും സ്ത്രീയും തരണംചെയ്യുന്നതായ ഒട്ടുമിക്കപ്രയാസങ്ങളും അദ്ദേഹവും തരണംചെയ്തു എന്നു നീ കാണും. നിനക്കു യേശുക്രിസ്തുവിനോടുപറയുവാൻ കഴിയുന്നകാര്യങ്ങളിൽ സ്വാനുഭവങ്ങളിൽനിന്നു അദ്ദേഹത്തിനു നേരിട്ട് അറിയാൻപാടില്ലാത്ത കാര്യങ്ങൾ വളരെ ചുരുക്കമാണ്. വിശപ്പുസഹിക്കുക, ക്ഷീണിച്ചു വശാകുക, ലോകത്തിനു മരിച്ചവനാൽക, പ്രലോഭനങ്ങളെ നേരിടുക, നിസ്സാരനാക്കപ്പെടുക, നിന്ദ്യമായി വർത്തിക്കപ്പെടുക, നിർദ്ദയമായ കാര്യങ്ങൾ മുഖത്തുനോക്കിയും അല്ലാതെയും പറയപ്പെടുക, യാതൊരു മനുഷ്യനും നാളതുവരെ സ്വന്തസ്നേഹിതന്മാരാൽ വർത്തിക്കപ്പെട്ടിട്ടില്ലാത്ത വിധത്തിൽ വർത്തിക്കപ്പെടുക, ഇവയെല്ലാമെന്തെന്നു അദ്ദേഹം അറിഞ്ഞിരുന്നു.

ഈ ഒരുദാഹരണമെടുക്കുക: ആളുകൾ നിന്നോടു നിർദ്ദയമായി പെരുമാറുകയും നിന്റെ ഭാഗം വാദിക്കാൻ നീ അവിടെ ഇല്ലാതിരിക്കുമ്പോൾ നിന്നെപ്പറ്റി നിർദ്ദയമായ കാര്യങ്ങൾ പറകയും ചെയ്യുമ്പോൾ നീ മുട്ടുകുത്തി അതെല്ലാം അദ്ദേഹത്തിന്റെ അടുക്കൽ സമർപ്പിക്കുകയും അതിന്റെശേഷം "ഇവയെല്ലാം ഞാനും സഹിച്ചതാണ്" എന്ന് അദ്ദേഹം പറയുന്നതു വിശ്വാസത്താൽ കേൾക്കാൻ കഴിയുകയും ചെയ്യുന്നത് എത്ര സഹായകരമാകുന്നു. നമ്മുടെ ദിവ്യനായ സ്നേഹിതൻ, നമ്മുടെ യജമാനൻ, നമ്മുടെ ദൈവം ഇപ്രകാരമെല്ലാം സഹിക്കുകയും നിർദ്ദയവും അസത്യവുമായ കാര്യങ്ങൾ തന്നിൽ ആരോപിക്കപ്പെടുകയും ചെയ്തു എന്നു അറിയുന്നത് അത്ഭുതകരവും ആത്മനിശ്വാസകരവുമായ വിധത്തിൽ ജീവിതത്തെ അഭിമുഖീകരിക്കുന്നതിനു ഏവനെയും സഹായിക്കുന്നതാണ്.

വേദപുസ്തകം വായിക്കുന്നതിനു പ്രയാസമാണെന്നും അതു മുരഞ്ഞതും വിരസവുമായ ജോലിയാണെന്നും നീ കാണുന്നു എന്നു പറയുന്നു. അതെല്ലാം വേദപുസ്തകവായനയെ നീ സമീപിക്കുന്ന വിധത്തെ ആശ്രയിച്ചിരിക്കും. വേദപുസ്തകം വായിക്കുന്നതിനു വിവിധരീതികളുണ്ട്. നമ്മുടെ കർത്താവിന്റെ സ്വഭാവം, തന്റെ അത്ഭുതപ്രവർത്തികൾ, അല്ലെങ്കിൽ ഉപമകൾ എന്നിവ പഠിക്കാം. ഏതെങ്കിലുമൊരു വിഷയം, ഒരു പുസ്തകം, ഇവ പഠനം ചെയ്യാം. ഇവയെല്ലാം വളരെ സഹായകരമാണ്. അല്ലെങ്കിൽ നിന്റെ അറിവിനെ വർദ്ധിപ്പിക്കാനും യേശുമിശിഹായോടുള്ള ഭക്തിയെ ആഴമാക്കാനും ഉള്ള ഉദ്ദേശത്തോടു കൂടെയും വേദപുസ്തകം പഠിക്കാം.

വായിക്കാനായി പുതിയനിയമം കയ്യിലെടുക്കുമ്പോൾ "എന്റെ ദിവ്യനായ സ്നേഹിതന്റെ ജീവചരിത്രം ഞാൻ വായിക്കാൻ പോകയാണ്" എന്നു നിന്നോടുതന്നെ നീ പറഞ്ഞ് ആ ഉദ്ദേശത്തോടുകൂടെ വായിക്കയാണെങ്കിൽ അതു വളരെ സഹായകരവും വളരെ ആത്മനിശ്വാസകരവുമാണെന്ന് നീ കാണും.

ജാവിന്റെ രോഗം നീങ്ങുമെന്നും അറിയിച്ചശേഷം ബഹനാൻ മറഞ്ഞു. രാജാവ് ക്രമേണ സുഖംപ്രാപിച്ചു. ബഹനാന്റെ നിർദ്ദേശപ്രകാരം അവർ ക്രിസ്തുമതം സ്വീകരിക്കയും ചെയ്തു. അനന്തരം രാജാവ് ബഹനാനെ സംസ്കരിച്ചസ്ഥലത്ത് അതിമനോഹരമായ ഒരു ദേവാലയം പണികഴിപ്പിച്ചു.

മാർ ബഹനാൻ സഹദാ! തിരുസോദരിസാറാ!
ഞങ്ങൾക്കായ് പ്രാർത്ഥിക്കുക കർത്താവൊടുനിത്യം.

'തപസാദ്ധ്യാത്മികത്വത്തിന്റെ സത്ത'

(തുടർച്ച)

(പ്രൊഫസ്സർ പി. ജി. മാത്യു എം. എ. ബി. ഡി.)

ആത്മികപ്രാർത്ഥനയുടെ ഒരു സൂക്ഷ്മരൂപം മാത്രമെ ഇതിനു മുമ്പ് കിട്ടിയിട്ടുള്ളു. ഇനിയും കൂടുതൽ വിവരണങ്ങളിലേക്കു കടക്കാം.

പ്രഥമമായി, ആത്മികപ്രാർത്ഥനയുടെ മൌലികാംശം യേശുവിന്റെ നാമോച്ചാരണം തന്നെയാണ്. ദാർശനികനായ വെലിച്ച്കോവ്സ്കി അതിനെ വിവരിക്കുന്നതിങ്ങനെയാണ്: "നമുക്കേററവും മാധുര്യമേകുന്ന യേശുവിനെ നമ്മുടെ ഹൃദയത്തിലേക്ക് ആനയിക്കുകയും, അവിടുത്തോടുള്ള സ്നേഹത്താൽ ആവേശം പൂണ്ട് അവിടുത്തെ നാമം ആവർത്തിച്ചാവർത്തിച്ച് ജപിക്കുകയുമാണത്." യേശുവിന്റെ നാമത്തെയും ആത്മതത്വത്തെയും ഇങ്ങനെ ഘടിപ്പിക്കുന്നത് അർത്ഥഗർഭമാണ്. യേശുനാമോച്ചാരണത്താൽ നാം യേശുവിനെ നമ്മിലേക്ക് ആനയിക്കുകയാണു ചെയ്യുന്നത്. യേശുനാമത്തിൽ നിക്ഷിപ്തമായിരിക്കുന്ന ശക്തി ക്രിസ്തുവിന്റേതു തന്നെയാണ്. ആ നാമോച്ചാരണത്തിൽനിന്നു ലഭ്യമാകുന്ന വരപ്രസാദം ഹൃദയത്തെ പരിശുദ്ധവും നിർമ്മലവുമായ സ്നേഹത്താൽ ഉജ്ജ്വലിപ്പിച്ചുണർത്തുന്നു. യേശുനാമോച്ചാരണത്തിന്റെ ആവർത്തനത്താൽ ആത്മപരമായ ഒരു യാന്ത്രികാവസ്ഥയെയല്ല നാം സൃഷ്ടിക്കുന്നത്; നേരെമറിച്ച്, മനുഷ്യന്റെ ആത്മാവിഷ്കാരത്വരയെ ഉത്തേജിപ്പിക്കുകയും, ആത്മികമായ അനർഗ്ഗളതയുടെ വിനിമയം (വിനിയോഗം) സാധിക്കുകയുമാണതു ചെയ്യുന്നത്. യേശുനാമോച്ചാരണം പ്രേമത്താൽ വിതുമ്പിനില്ക്കുന്ന ഹൃദയത്തിലേക്ക് ക്രിസ്തുവിന്റെ സന്നിധാനത്തെ ക്ഷണിച്ചുവരുത്തുകയാണു ചെയ്യുക.

യേശുവിനോടുള്ള പ്രാർത്ഥനയുടെ ഉപാസകർക്ക്, യേശുനാമോച്ചാരണം ഒരേ സമയം മാർഗ്ഗവും ലക്ഷ്യവുമായി പരിണമിക്കുന്നതെങ്ങിനെയാണെന്നു മുൻനിരീക്ഷണത്തിൽ നിന്നു വ്യക്തമാകുന്നുണ്ടല്ലോ. ബദ്ധ്യഹീനനായ മനുഷ്യന് അവന്റെ ശ്രദ്ധയെ ഒരേസ്ഥലത്തും ഒരേ വസ്തുവിലും കേന്ദ്രീക

കൂടാതെ നീ അതു പഠിക്കുമ്പോൾ നിന്റെ ദിവ്യസ്നേഹിതനായ യേശുമിശിഹാ നിന്റെ അരികിൽ ഇരിക്കുന്നു എന്നു ഓർമ്മിക്കുകയാണെങ്കിൽ നീ വായിക്കുന്ന കാര്യങ്ങളെപ്പററി അദ്ദേഹത്തോടു സംസാരിരിപ്പാൻ കഴിയുകയും അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യത്തെ അധികമധികമായി നിന്നെ കാണിക്കുകയും ചെയ്യും.

ലേഖനങ്ങൾ വാസ്തവത്തിൽ ദൈവം തന്റെ സ്നേഹിതന്മാരിൽ ചിലർമൂലം എഴുതിയിരിക്കുന്ന എഴുത്തുകളാകുന്നു. നിന്റെ സുഹൃത്തുകളിൽ ഒരാളിന്റെ എഴുത്തുകിട്ടിയാൽ അതു തുറന്നു വായിക്കാതെ പോക്കററിലൊ സഞ്ചിയിലൊ അടച്ചു വയ്ക്കുമാറില്ലല്ലൊ. അതുപോലെ ലേഖനങ്ങളേയും പഠിക്കാം. വിവിധ ആളുകൾ മുഖാന്തിരം ദൈവം നിനക്കു അയച്ചിരിക്കുന്ന സന്ദേശങ്ങളായി അവയെ പരിഗണിക്കാം. എപ്പോൾ ആര് ആ ലേഖനങ്ങൾ എഴുതി എന്നും, ആ കാലഘട്ടം, അന്നത്തെ സ്ഥിതിഗതികൾ ഇവ എന്തെന്നും ചിന്തിക്കുന്നതായാൽ അവ നിനക്കു കൂടുതൽ സഹായകരമായിരിക്കും.

വേദപുസ്തകവായനയെക്കുറിച്ച് നിനക്ക് ഏററവും സഹായകരമായ വിധത്തിൽ ഒരു നിശ്ചിതമായ നിയമം ഉണ്ടാക്കുവാൻ ശ്രമിക്കുക. ദിവസന്തോറും കുറെ വാക്യങ്ങൾ, ഓരോ ആഴ്ചയിൽ ചില ദിവസങ്ങളിൽ കൂടുതൽ ഭാഗങ്ങൾ, ഒരു ദിവസം ഒരദ്ധ്യായം, എന്നിങ്ങനെ നിന്റെ ആത്മീയ പുരോഗതിക്ക് ഏററവും ഉതകത്തക്കവിധത്തിലുള്ള രീതിയാണ് അവലംബിക്കേണ്ടത്. ചില ദിവസം മററു ദിവസത്തേക്കാൾ കൂടുതൽ വായിക്കാമായിരിക്കും. വേദപുസ്തകം ഒരു ജീവകാലത്തിലെ പ്രവർത്തനമാണ്. അതുകൊണ്ട് ധൃതഗതിയിൽ അതു നടത്തേണ്ട ആവശ്യമില്ല. സൂക്ഷ്മതയോടെ വായിക്കുക. വിചിന്തനം ചെയ്യുക. അതിനെപ്പററി ധ്യാനിക്കുക. നമ്മുടെ ദിവ്യനാഥനോട് അതേപ്പററി സംസാരിക്കുക.

രിക്കാൻ അതു സഹായിക്കുന്നതുകൊണ്ട് നാമോച്ചാരണം ഒരു മാർഗ്ഗമാണ് മനുഷ്യന്റെ വീഴ്ച സ്വഭാവ (fallen nature) ത്തിന്റെ ഫലമായി അവന് ആന്തരികമായ വിധ്വംസം (disorder) സംഭവിച്ചിട്ടുണ്ട്. അക്കാരണത്താൽ അവന്റെ ചിന്തകളും ഭാവങ്ങളും ചിതറപ്പെടുകയും, ദൈവത്തിങ്കൽ അവന്റെ ശ്രദ്ധയെ നിരൂപിക്കാനുള്ളകഴിവ് നഷ്ടപ്പെടുകയും ചെയ്യു. പ്രാർത്ഥന, പ്രത്യേകിച്ചും യേശുവിനോടുള്ള പ്രാർത്ഥന, നഷ്ടപ്പെട്ട വ്യവസ്ഥിതിയെ പുനഃസ്ഥാപിക്കാൻ പ്രയോജകീഭവിക്കുന്നു. ഏതാനും വാക്കുകളിൽ നമ്മുടെ വിശ്വാസസത്തയെ അതു ക്രോഡീകരിക്കുകയല്ല ചെയ്യുന്നത്; പ്രത്യുത, യേശുനാമോച്ചാരണത്താൽ, നമുക്കു വരപ്രസാദം ലഭിക്കുകയും, ഈ വരപ്രസാദം, പൈശാചിക ശക്തികളുടെ പ്രവർത്തനത്താൽ ജാതമായ അവ്യവസ്ഥയെയും കാപട്യത്തെയും നമ്മിൽനിന്ന് ദൂരീകരിച്ചു നിർമ്മാർജ്ജനം ചെയ്‌വാൻ സമർത്ഥമായി സഹായിക്കുകയും ചെയ്യുന്നു. പ്രാർത്ഥനവഴിയായി, പിശാചിനോടും നമ്മുടെ തൃഷ്ണകളോടുമുള്ള നമ്മുടെ സമരത്തിൽ കർത്താവിന്റെ സഹായം നാം നേടുന്നു; കർത്താവിന്റെ നാമശ്രവണമാത്രയിൽ പിശാചും നമ്മുടെ തൃഷ്ണകളും പരാജയപ്പെടുന്നതും അങ്ങനെ ദൈവനാമം മഹത്വീകരിക്കപ്പെടുന്നതും നമുക്കനുഭവപ്പെടുന്നു.

എന്നാൽ മനുഷ്യന്റെ ആത്മികജീവിതത്തിന്റെ വിനാശത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൈശാചിക ശക്തികളോടുള്ള സമരത്തിൽ യേശുവിനോടുള്ള പ്രാർത്ഥന ഒരായുധമായി പ്രയോഗിക്കപ്പെടുന്നുണ്ടെങ്കിലും ആത്മീകപ്രാർത്ഥന ഒരു ലക്ഷ്യം കൂടെയാണെന്ന് നാമോർക്കണം. യേശുവിന്റെ നിർമ്മലനാമോച്ചാരണത്താൽ സ്വയം നിമഗ്നമാകണമെന്നതാണുദ്ദേശിക്കപ്പെടുന്നത്. അങ്ങനെ നാമത്തിലും നാമകർത്താവിലും കൂടെ ദൈവത്തിന്റെ അനന്തയ്യാമിയായ യാഥാർത്ഥ്യം ജ്ഞേയമാകുകയും, അത്, നമ്മിലേക്ക് ചുഴന്നിറങ്ങി നമ്മുടെ (being) സ്വഭാവത്തെ അധീനമാക്കുകയും, അവസാനമായി നമ്മുടെ ഹൃദയസ്പന്ദനം തന്നെ പ്രാർത്ഥനയായി പരിണമിച്ച് കർത്താവിനെ മഹത്വപ്പെടുത്തുകയും ചെയ്യും. നിശ്ശബ്ദവും യാന്ത്രികവുമായി ഈ പ്രാർത്ഥന അവശേഷിക്കുന്നിടത്തോളം കാലം അതിന്റെ പൂർണ്ണമായ ഉദ്ദേശം പൂർണ്ണമായിസഫലീകരിക്കപ്പെടുകയില്ല. മനുഷ്യാത്മാവ് പ്രാർത്ഥനയിൽ നിമഗ്നമാകണം; നമ്മുടെ ഹൃദയത്തിന്റെയും ബോധത്തിന്റെയും സ്വഭാവത്തിന്റെയും അഗാധതലംവരെ യേശുനാമത്തിന്റെ ദീപ്തിവഴിഞ്ഞിറങ്ങി അതിനെ ഉജ്ജ്വലിപ്പിക്കുന്നതുവവരെ പ്രാർത്ഥനയിൽ മുഴുകണം. മനസ്സിൽനിന്ന് ഹൃദയത്തിലേക്കിറങ്ങണമെന്ന് ദാർശനികന്മാർ ഉദ്ബോധിപ്പിക്കുന്നതിന്റെ അർത്ഥമിതാണ്. വികാരവേശത്തോടുകൂടി ഏതാനും പദങ്ങളെ ഉച്ചരിച്ച് അവയുടെ അർത്ഥവ്യാപ്തിയെ അവധാരണം ചെയ്യുന്നതുകൊണ്ടുമാത്രം മതിയാകയില്ല. യേശുവിന്റെ നാമം ദൈവസാന്നിധ്യാനത്തെ നമുക്ക് അനുഭവമാക്കണം. ദൈവസന്നിധാനത്തിന്റെ മുമ്പിൽ ആത്മാവ് പരിപൂർണ്ണമായി വികസിച്ച് അതിനെ മുഴുവൻ കവർന്നെടുക്കുന്നതിലാണ്, അങ്ങനെ ആത്മാവിന്റെ അംശംമുഴുവൻ ദൈവസന്നിധാനത്താൽ നിവേശിതമായിത്തീരുന്നതിലാണ് ആത്മീയപ്രാർത്ഥനയുടെ വിജയം അടങ്ങിയിരിക്കുന്നത്.

വ്യക്തിഗതമായ ഒരു വീക്ഷണകോണത്തിലൂടെ നോക്കുമ്പോൾ, അതായത് വ്യക്തിയെ ഉന്നിപ്പിച്ചുയർത്തുന്നതിനെ സംബന്ധിച്ചിടത്തോളം, ആത്മീയജീവിതത്തിന് രണ്ടു പദവികൾ ഉള്ളതായി ദാർശനികന്മാർ പറയുന്നു. (അനേകായിരം പദവികൾ ഉണ്ടായിരിക്കാമെങ്കിലും പ്രത്യേകമായ ഈ വിഭജനം ഉപയോഗപ്രദമാണ്) അങ്ങനെ ആദ്യത്തെപദവിയിൽ ശ്രമാവഹവും സ്വച്ഛീയവുമായ യത്നത്തെപ്പറ്റി ഒരു ബോധം അവശേഷിക്കുന്നു—അതായത് കൃത്രിമവും കർമ്മോദ്യുക്തവുമായ പ്രാർത്ഥന (active or laborious prayer)

കർമ്മോദ്യുക്തമായ പ്രാർത്ഥന: ladorious (Active) prayer–

ആത്മീയപ്രാർത്ഥനയുടെ ആദ്യ പദവിയിൽ ഇച്ഛയുടെ പ്രയോഗങ്ങൾ (act or the will)പ്രത്യക്ഷമായി പ്രബലപ്പെട്ടിരുന്നാൽ തന്നെയും വരപ്രസാദത്തിന്റെ അഭാവമാണതിനു കാരണം എന്നുപറയാവുന്നതല്ല; എന്നുവരികിലും മിക്കവാറും നാമറിയാതെതന്നെ ഇച്ഛ പ്രവർത്തിച്ചുകൊണ്ടിരിക്കും. അതിന്റെ പ്രവർത്തനം ദൃഢവും രൂക്ഷവുമാണെന്നിരുന്നാൽ തന്നെയും അത് ഫലദായകമല്ല. തീർച്ചയായും വരപ്രസാദത്തിന്റെ പ്രേരണകൊണ്ടാണ് മനുഷ്യൻ ദൈവത്തിന് അവനെത്തന്നെ സമർപ്പിക്കുകയും പ്രാർത്ഥനയുടെ വരത്തിനായി അഭിലഷിക്കുകയും ചെയ്യുന്നത്. ആദ്യഘട്ടങ്ങളിൽ പ്രാർത്ഥനയിൽ നിമിഗ്നമാകാനഭിലഷിക്കുന്ന ആത്മാവ് അതിന്റെ തൃഷ്ണകളാലും, ദുർവിചാരങ്ങളാലും, ഒരു പക്ഷെ അ

ടിക്കടി സംഭവിക്കുന്ന പരാജയങ്ങളാലും, വിഷാദത്താലും പാപാസക്തിയാലും, അഭിവൃദ്ധിപ്പെടാനുള്ള കഴിവുകേടുകൊണ്ടും അലട്ടപ്പെട്ടു പീഡിപ്പിക്കപ്പെടുകയും ചെയ്തു എന്നുവരും. ഇവയൊക്കെ വരപ്രസാദാനുഗ്രഹം ദൈവം നൽകുന്നില്ല എന്നതിനു ലക്ഷ്യമായിരിക്കാമോ? അല്ല; കാരണം ഈ ഒരു അഭിസന്ധിയിലേക്കുതന്നെയാണ് ദൈവം ആത്മാവിനെ ആദ്യം ആനയിക്കുന്നതു്. മനുഷ്യന്റെ അസമത്വത്തെയും വന്ധ്യത്വത്തെയും സംബന്ധിച്ച ഒരു ബോധം അവന് ലഭിക്കുമ്പോൾ അവന്റെ സ്വാഭാവികമായ പരിമിതികളെയും അപൂർണ്ണതകളെയും അവൻ അവധാരണം ചെയ്തുകഴിയുമ്പോൾ, അവനിൽ ഉത്തമമായ പശ്ചാത്താപം അങ്കുരിക്കേണ്ടതു് അനിവാര്യമാണ്. പൂർണ്ണതയിലേക്കുള്ളവഴി പശ്ചാത്താപത്തിന്റെ വഴിയാണ്. അങ്ങനെ, പ്രാർത്ഥനയുടെ അത്യുൽകൃഷ്ടമായ പദവിലേയ്ക്കുള്ള പ്രയാണത്തിന്റെ ആരംഭത്തിൽതന്നെ മനുഷ്യാത്മാവു് അതിന്റെ പരികധികളെയും പാപചായ്‌വിനെയുംപററി മനസ്സിലാക്കുകയും ഈ മനസ്സിലാക്കൽ പശ്ചാത്താപത്തിൽ ചെന്നവസാനിക്കുകയും ചെയ്യുമെന്നാണ്, റഷ്യൻദർശനികന്മാർ പറയുന്നതു്. ഇതിൽനിന്നും ആത്മികപ്രാർത്ഥനയുടെ പ്രബോധകനെ സംബന്ധിച്ചിടത്തോളം തിന്മയോടുള്ള സമരത്തിനും ഇതര താപസാഭ്യാസങ്ങൾക്കും അർത്ഥമില്ലെന്നു സിദ്ധിക്കുന്നുണ്ടോ? തീർച്ചയായുമില്ല. കർമ്മോദ്യുക്തമായ പ്രാർത്ഥനയുടെ ആദ്യഘട്ടങ്ങളിൽ, നമ്മുടെ തൃഷ്ണകളോടും, ദുർവികാരങ്ങളോടുമുള്ള സമരത്തിന് സ്ഥാനമനുവദിക്കേണ്ടതാണ്. അതുകൊണ്ടു് താപസജീവിതത്തിനും പ്രധാനമായ ഒരു പങ്ക് വഹിപ്പാനുണ്ടു്. സഭാപിതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ, വീഴുകയും ഉയരുകയും ചെയ്യുന്നതു് ഒരിക്കലും വീഴാതിരിക്കുകയും പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നതിനേക്കാൾ അഭിലക്ഷണീയാണ്. എന്നാൽ നേരെ മറിച്ച്, പാപത്തിൽ ജീവിക്കുമ്പോൾ—പാപാവസ്ഥയിലിരിക്കുമ്പോൾ— പ്രാർത്ഥനയിൽ നിമഗ്നമാകാൻ ശ്രമിക്കുന്നതു് അപകടകരമാണ്. മനഃപൂർവ്വകമോ അല്ലാതെയോ ഉള്ള എല്ലാവിധ പാപങ്ങളെയും വർജ്ജിക്കാനാർക്കും സാധിക്കയില്ലെന്ന് സ്വയംവിശ്വസിപ്പിച്ച് കൃത്രിമസമാധാനത്തോടെ ജീവിക്കുന്നവരോടു നമുക്കു സഹതപിക്കാം. മനുഷ്യൻ അവന്റെ ശക്തിയുടെ അറുതിവരെ പാപത്തോടും പാപാസക്തിയോടും സമരം ചെയ്യേണ്ടതു തന്നെയാണ്. പാപത്തിൽ വീണതിനുശേഷം ദൈവകാരുണ്യത്തിന്നഭ്യർത്ഥിച്ചുകൊണ്ടു് നാം ഉയർന്നെണീല്ക്കണം. വേദനിക്കുകയും സമരം ചെയ്കയും ചെയ്യുമ്പോഴാണ് മനുഷ്യൻ യഥാർത്ഥമായി ജീവിക്കുന്നതു്; അങ്ങനെയാണ് നവമായ ഒരു ജീവിതത്തിന് അവൻ തയ്യാറാവുന്നതും. അക്കാരണത്താൽ സമാധാനമില്ല, സ്വൈരജീവിതമില്ല, ആത്മവിശ്വാസമില്ല, സ്വന്തപ്രവൃത്തികളിൽപോലും വിശ്വാസമില്ല. ആത്മീയജീവിതത്തിനാവശ്യമായ ഈ അവശ്യങ്ങളെപ്പററി താപസനായ തീയോഫാനസ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "അവസാനംവരെ വേദനിക്കുക. നിന്റെ ശക്തി മുഴുവനും ദൈവത്തിനായി സമർപ്പിക്കുക. നിന്റെ രക്ഷ നിന്റെ ദൈവത്തിൽനിന്നു ലഭിക്കുന്നതാണ്. നിനക്കു വേണ്ടതും നല്ലതുമായതിനെയാണ് നിന്റെ ദൈവം നിനക്കു നൽകുന്നതു്. അവ നിനക്കു നൽകാൻ അവിടുന്ന് എപ്പോഴും തയ്യാറാണ്. എന്നാൽ, അവിടുത്തെ അനുഗ്രഹങ്ങൾ സ്വീകരിക്കത്തക്ക യോഗ്യത നീ സമ്പാദിക്കുന്നതുവരെ അവിടുന്നു കാത്തിരിക്കും. അതുകൊണ്ടാണ് ആത്മനിയന്ത്രണം സാധിക്കേണ്ടതെങ്ങിനെയെന്നുള്ള പ്രശ്നം, നമുക്കു ദൈവം നൽകാനിരിക്കുന്ന ശക്തിയെ സ്വീകരിക്കാൻ നാം എങ്ങിനെ തയ്യാറാകണമെന്നുള്ള പ്രശ്നമായി പരിണമിക്കുന്നതു്. ഈ പ്രശ്നത്തിനുത്തരമിതാണ്. "ദൈവത്തിന്റെ വരപ്രസാദാനുഗ്രഹങ്ങൾ സ്വീകരിക്കാൻ തയ്യാറാവേണ്ടതു് നമ്മുടെ പരിമിതികളെയും ശക്തിഹീനതയെയും പററിയുള്ള ബോധം നേടിയതിനു ശേഷമായിരിക്കണം. കർത്താവ് നൽകുമെന്നും കർത്താവിനു നൽകാൻ സാധിക്കുമെന്നുമുള്ള ബോധം നാം സമ്പാദിച്ചിരിക്കണം." അതുകൊണ്ടു്, ക്ലേശങ്ങൾക്കു മുമ്പിൽ തലകുനിക്കാതെ, അവയെപ്പററി പരാതിപ്പെടാതെ, മഹത്തായ ഒരു എളിമയെ ലക്ഷ്യമാക്കി ചെയ്യുന്ന ആത്മീയവും ധാർമ്മികവുമായ യത്നങ്ങൾക്കും തപശ്ചര്യകൾക്കും മാത്രമേ വിലയും പ്രയോജനവുമുള്ളു. "കർത്താവായ യേശുക്രിസ്തുവേ, പാപിയായ എന്റെ മേൽ കരുണയുണ്ടാകേണമേ" എന്നുള്ള ഹൃദയസ്പൃക്കായ അഭ്യർത്ഥനയായിരിക്കണം തപശ്ചര്യകളുടെയും അനുഷ്ഠാനങ്ങളുടെയും പിന്നിൽ മുഴങ്ങി കേൾക്കേണ്ടതു്. സ്വന്തനികൃഷ്ടതയെപ്പററി ബോധ്യംവന്ന ഒരുവന്റെ ഹൃദയത്തിൽനിന്ന് പൊട്ടിപ്പുറപ്പെടുന്ന ആശയുടെയും നിരാശയുടെയും നിലവിളിയാണീ പ്രാർത്ഥന; പൈശാചികത്വത്തോടും തിന്മയോടുമുള്ള അവന്റെ തീവ്രമായ പ്രതിഷേധത്തിന്റെ ധ്വനിയും സമരത്തിന്റെ കാഹളവും ദൈവസഹായത്തിനുവേണ്ടിയുള്ള അകമഴിഞ്ഞ അഭ്യർത്ഥനയുടെ മുഴക്കവുമാണീ പ്രാർത്ഥനയിൽ സമാഹരിക്കപ്പെട്ടിരിക്കുന്നതു്.

വാർത്തകളും കുറിപ്പുകളും

മേൽപാടം ഇടവകസന്ദർശനം

വിദ്യാർത്ഥികോൺഫറൻസ് ഓർഗനൈസിംഗ് സെക്രട്ടറി മി. റ്റി. ഇ. ജോർജ്ജ്—തേവർവേലിൽ ഇങ്ങനെ എഴുതുന്നു.

നമ്മുടെ വിദ്യാർത്ഥി കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ സംഘംചേർന്ന് ഇടവകകൾ സന്ദർശിക്കണമെന്ന് മാവേലിക്കരവച്ച് ആലോചിക്കയുണ്ടായി. അതനുസരിച്ച് മേല്പാടം വി. കുറിയാക്കോസ് സഹദാ ഇടവക സന്ദർശനം ഇടവം 6-ാംനു വൈകിട്ടു മുതൽ 10-ാംനു ബുധനാഴ്ചവരെ നടത്തിയതിൽ ശ്രീമാന്മാരായ കെ. ഏ ജോർജ്ജ് Bishop's College Student, കെ. എം അലക്സാണ്ടർ, Leonard Theological College student, മാവേലിക്കര സ്ലീബാദാസൻ തോമസ്സ് വറുഗീസ്, പി. ഐ. വറുഗീസ് കാരാണം. റ്റ . ഈ. ജോർജ്ജ് എന്നിവർ സംബന്ധിച്ചിരുന്നു, മേല്പാടം ഇടവക വികാരി ബ: മൂത്തേടത്ത് തോമസ്സ് കത്തനാരുടെ നേതൃത്വത്തിലാണ് ഈ സന്ദർശനപരിപാടി നടന്നത്. സന്ദർശനസംഘം മേല്പാടത്ത് എത്തുന്നതിന് മുമ്പ് ഒരുക്കത്തിനായി ഒരു ദിവസം പരുമല സിമ്മനാരിയിൽ താമസിക്കയുണ്ടായി.

7-ാംനു ഞായറാഴ്ച വി. കുർബാനമദ്ധ്യേ ശ്രീ. കെ. ഏ. ജോർജ്ജ് പള്ളിയിൽ പ്രസംഗിച്ചു. 153 കുടുംബങ്ങൾ ഉള്ള പ്രസ്തുത ഇടവകയിലെ ഭൂരിപക്ഷം ഭവനങ്ങളും ഈ സംഘം സന്ദർശിച്ചു. പ്രത്യേക പ്രാർത്ഥന നടത്തിയതുകൂടാതെ കുടുംബാംഗങ്ങളുടെ ആത്മീകജീവിതത്തെപ്പററി പല വിവരങ്ങളും ചോദിച്ചറികയും ആവശ്യമായ ഉപദേശങ്ങൾ അവസരോചിതമായി നൽകുകയും ചെയ്തു. പ്രസ്തുത ഇടവകയിലെ ആത്മീകപ്രവർത്തനങ്ങളുടെ നടത്തിപ്പിനെ ഉദ്ദേശിച്ച് അവിടെ ഒരു യുവജന സമാജം ആരംഭിച്ചു. പുതുതായി നമ്മുടെ സഭയിൽ ചേർന്നിട്ടുള്ള ക്രൈസ്തവരെ ഉദ്ദേശിച്ച് രണ്ടു രാത്രിയോഗങ്ങൾ നടത്തി. ഈ യോഗങ്ങൾ നടത്തുന്നതിനു മേല്പാടത്തെ സ്ലീബാദാസൻ ശ്രീ അലക്സാണ്ടരുടെ സഹായസഹകരണങ്ങൾ വളരെ പ്രയോജനകരമായിരുന്നു.

ബുധനാഴ്ച രാവിലെ ബ: തോമസ്സച്ചൻ വി. കുർബാന അർപ്പിക്കയും, സന്ദർശകസംഘാംഗങ്ങളും മേല്പാടത്തെ യുവാക്കന്മാരിൽ ചിലരും, പ്രത്യേക ഒരുക്കത്തോടുകൂടി വി. കുർബാന അനുഭവിക്കയും ചെയ്തു. വിവിധ സഭാവിഭാഗങ്ങൾ ഊർജ്ജിതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥലമാണ് മേല്പാടം. തൽഫലമായി പല നൂതനചിന്താഗതികളും ഇടവകാംഗങ്ങളിൽ വളർന്നു വരുന്നുണ്ട്. ഒരു കുടുംബത്തിൽ മാമോദിസാ സ്വീകരിച്ചിട്ടില്ലാത്ത മൂന്നു കുട്ടികളെ കാണുകയുണ്ടായി. ഇതുകൂടാതെ പത്തനംതിട്ട മാക്കാംകുന്ന് ഇടവകസന്ദർശനം 13-ാംനു വൈകിട്ട് ആരംഭിച്ചു. 14-ാംനു ഞായറാഴ്ച പ്രസ്തുത ഇടവകയിലെ വിവിധ സംഘടനകളുടെ വാർഷികയോഗം നടന്നതിൽ ശ്രീമാന്മാരായ സി. ഐ. ഇട്ടി ബി. എ., റ്റി. ഇ. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു മാക്കാംകുന്ന് ഇടവകയിലെ ബ: വികാരി വ. ദിവ്യശ്രീ തെങ്ങുന്തറയിൽ കോറെപ്പിസ്ക്കോപ്പാ അവർകൾ പ്രസ്തുതയോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. പ്രബുദ്ധരായ യുവാക്കന്മാരുടെ ആത്മാർത്ഥമായ സഹകരണമുണ്ടായിരുന്ന പ്രസ്തുത സന്ദർശനത്തിന്റെ വിശദവിവരങ്ങൾ അടുത്തലക്കത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ആത്മീയപ്രാർത്ഥനയെപ്പററി കൂടുതൽ പ്രതിപാദിക്കുന്നതിനുമുമ്പ് അതിനു വിശേഷകമായ വേറൊരു ഗുണത്തെപ്പററിക്കൂടെ സൂചിപ്പിക്കേണ്ടതുണ്ട്. പൂർവ്വപിതാക്കന്മാരുടെ നിർദ്ദേശമനുസരിച്ച് ആത്മീയപ്രാർത്ഥന അനുഷ്ഠിക്കുന്നവർ അതും അറിഞ്ഞിരിക്കേണ്ടതാണ്. അനുസരണമാണീ ഗുണം. ആത്മീയജീവിതത്തിലേക്കു കാലൂന്നുന്നവൻ, സ്വതന്ത്രമായി തിരഞ്ഞെടുക്കുന്ന ആത്മീയഗുരുവിനെ കൂടുതലായി അനുസരിക്കണം. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും പ്രവേശകന്റെ ആത്മശരീരങ്ങൾ പരിപൂർണ്ണമായി വിധേയപ്പെടുത്തണം. വി. ഗ്രന്ഥങ്ങൾ പറയുന്നു: "ആത്മീയജീവിതത്തിലേക്കു കടന്നു വിജയംപ്രാപിക്കണമെന്ന് അഭിലഷിക്കുന്നവർ ആത്മാവിലും ശരീരത്തിലും അനുസരണമുള്ളവരായിരിക്കേണ്ടതാണ്. അതായത്, ദൈവപ്രമാണങ്ങളെ ഹൃദയപൂർവ്വം അനുസരിക്കുന്നവനും ആത്മീയജീവിതത്തിൽ തഴക്കം സിദ്ധിച്ചിട്ടുള്ളവനുമായ ഒരു ഗുരുവിന്റെ ഇച്ഛയ്ക്കും നിശ്ചയങ്ങൾക്കും നിരൂപണങ്ങൾക്കും വിധേയമായി സ്വയം അർപ്പിക്കണമെന്നാണർത്ഥം." റഷ്യൻ ദാർശനികന്മാരുടെ പഠനവും ഗ്രീക്കഹെസികാസ്റ്റുകളുടെ പഠനവും തമ്മിൽ ഐക്യത്തിൽ പരിപൂർണ്ണയോജിപ്പാണുള്ളത്. എന്നുവരികിലും, ആത്മീയഗുരുക്കന്മാരുടെ തിരഞ്ഞെടുപ്പുകാര്യത്തിൽ റഷ്യൻ ദാർശനികന്മാർ കൂടുതൽ സ്വാതന്ത്ര്യമനുവദിക്കുന്നുണ്ടെന്നു പറയാവുന്നതാണ്.

(തുടരും)

THE MALANKARA SABHA.

License No. 475 dated 11th April 1946 - Reg. No. T. 61.

മലങ്കര അസ്സോസ്സ്യേഷൻ മാനേജിംഗ് കമ്മററി.

പീസ്‌ലീഗിൻെറ ഇപ്പോഴത്തെ പ്രവൎത്തി സഭയുടെ അടിസ്ഥാന തത്വങ്ങൾക്ക വിരുദ്ധം.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ മാനേജിംഗ് കമ്മററിയോഗം ഈ മാസം 18-ാം തീയതി കോട്ടയം സുറിയാനി സിമ്മനാരിയിൽ വച്ച് വി. കാതോലിക്കാ ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽകൂടി. മാർ ഗ്രീഗോറിയോസ്, മാർ പീലക്സീനോസ്, മാർ തേവോദോസ്യോസ് മാർ ദീവന്നാസ്യോസ് എന്നി തിരുമേനിമാരും കമ്മററി അംഗങ്ങളിൽ 21 പേരും സന്നിഹിതരായിരുന്നു. മുൻ യോഗത്തിൻെറ മിനിററ്സ് വായിച്ചു പാസ്സാക്കിയതിൻെറ ശേഷം പഴയസിമ്മനാരി വരവു ചെലവുകളുടെ 1949-ലെ തിരട്ടും 1950-ലെ ബഡ്ജററും പാസ്സാക്കി. കാതോലിക്കാദിനപ്പിരിവിൻെറ 1124 ലെ തിരട്ടും 1125 ലെ ബഡ്ജററും പാസ്സാക്കി.

ഇപ്പോൾ നിലവിലിരിക്കുന്ന സഭാ ഭരണഘടനയിൽ ചില ഭേദഗതികൾ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടിരുന്നതിനാൽ ഭേദഗതികളോടുകൂടി ഹാജരാക്കപ്പെട്ട ഭരണഘടന ചർച്ച ചെയ്യുകയും അവ അസ്സോസ്യേഷൻെറ (പള്ളി പ്രതിപുരുഷയോഗത്തിൻെറ) അംഗീകരണത്തിനു സമർപ്പിക്കേണ്ടതാണെന്നു നിശ്ചയിക്കുകയും ചെയ്തു. അനന്തരം സമാധാനാലോചന സംബന്ധിച്ചു താഴെ പറയുന്ന പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു.

1) പീസ്‌ലീഗിൻെറ ഇപ്പോഴത്തെ പ്രവൎത്തനങ്ങൾ സഭയുടെ അടിസ്ഥാന തത്വങ്ങൾക്ക വിരുദ്ധവും അനധികൃതവും ആണെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു.

2) ശരിയായ കാനോനും വി. അബ്ദുൽമിശിഹാ പാത്രിയർക്കീസ് വഴിയുള്ള പട്ടത്വവും എതൃപക്ഷം സമ്മതിക്കുന്നതുവരെ സമാധാനാലോചനകൾ നടത്തരുതെന്ന് ഈ യോഗം തീരുമാനിക്കുന്നു.

ഓരോ മെത്രാസനത്തിലെയും വിവിധ പ്രവൎത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടത്തുന്നതിന് ഓരോ മെത്രാസനത്തിനും ഓരോ ഹോൾടൈം സെക്രട്ടറിമാരെ നിയമിക്കേണ്ടതാണെന്നും അവൎക്ക കേന്ദ്രത്തിൽനിന്നും ശമ്പളം കൊടുക്കേണ്ടതാണെന്നും നിശ്ചയിച്ചു.

അനന്തരം അദ്ധ്യക്ഷൻ തിരുമനസ്സിലെ ഉപസംഹാരപ്രസംഗം പ്രാൎത്ഥന എന്നിവയോടുകൂടി യോഗം മംഗളമായി പൎയ്യവസാനിച്ചു.

കോട്ടയം ഭദ്രാസന മിഷ്യൻ

സെക്രട്ടറി ഈ മാസം 7-ാംനു- ഞായറാഴ്ച വാഴൂർ സെൻറ് പീറേറഴ്സ് പള്ളിയിൽ എത്തി, വി. കുർബാന അനുഷ്ഠിക്കയും, ഇടവകയുടെ പുരോഗമനത്തിനും, അംഗങ്ങളുടെ ആത്മീക ഉണർവിനും വേണ്ട ഉൽബോധനം കൊടുക്കുകയും, യുവജനസമാജവും, സ്ത്രീസമാജവും നടത്തുകയും, ഇടവകയുടെ പല ഭാഗങ്ങളിൽ പള്ളി കേന്ദ്രമാക്കിക്കൊണ്ട് സൺഡേസ്കൂൾ ആരംഭിക്കുന്നതിന് ഏൎപ്പാടു ചെയ്കയും ചെയ്തു.

ഇടവകയിൽ പിന്മാററക്കാരെ (മദ്യപന്മാർ, ദുർവ്യവഹാരികൾ, ദുർനടത്തക്കാർ മുതലായിട്ടുള്ളവരെ) കണ്ടുപിടിച്ച് അവരുടെ തിരിച്ചു വരവിനുവേണ്ടി പ്രാൎത്ഥിക്കുന്നതിനും, പ്രവൎത്തിക്കുന്നതിനും, ആതുരൎക്കും, ഭവനരഹിതൎക്കും, വിദ്യാഭ്യാസ സഹായം ആവശ്യം ഉള്ളവൎക്കും വേണ്ടതു ചെയ്യത്തക്കവണ്ണം യുവജനസമാജത്തിൻെറ ആഭിമുഖ്യത്തിൽ വികാരിയുടെ സഹകരണത്തിൽ ഒരു ഭവനസന്ദൎശന പരിപാടി രൂപീകരിക്കയും ചെയ്തു.

നിയമനം.

റവ: ഫാദർ. ജോർജ്ജ് പായിക്കാട്ട് അവർകളെ കന്നുകുഴി സുറിയാനിപ്പള്ളി വികാരിയായി നിയമിച്ച് കല്പനയുണ്ടായിരിക്കുന്നു.

ഒരു യാത്ര അയപ്പ്:

വാഴൂർ, കന്നുകുഴി ഓൎത്തഡോക്സ് സുറിയാനിപ്പള്ളി വികാരിയായി ആറുവൎഷം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച തെങ്ങുമ്പള്ളിൽ അലക്സന്ത്രയോസ്സ് കത്തനാർ അവർകൾക്ക തൽസ്ഥാനത്തുനിന്ന് പിരിഞ്ഞുപോകയാൽ, കഴിഞ്ഞ മേടം

(ശേഷം കവർ രണ്ടാംപേജിൽ)

Printed at the Town Press, Kottayam, and Published by the Rev. Fr. T. C. Jacob, Manager, Syrian Seminary, Kottayam.